പൈതൃകം

# ജയദേവർ ഗീത

*വൈഷ്ണവ ഭക്തിപ്രസ്ഥാനത്തിനു ഭാരതത്തിലുടനീളം നല്കിയ ഉത്തേജനത്തിലൂടെ ഇതിഹാസപുരുഷനായി മാറിയ കവിയും സംഗീതജ്ഞനുമാണു ജയദേവർ. പുരി ജഗന്നാഥക്ഷേത്രത്തിൽ ദീർഘകാലം ഗീതഗോവിന്ദത്തിന്റെ ആലാപനം ഭാര്യ പത്മാവതിയുടെ നൃത്തത്തോടൊപ്പം അവതരിപ്പിച്ചിരുന്നു എന്നാണ് ഐതിഹ്യം. ഇപ്പോഴും പുരിയിൽ ഗീതഗോവിന്ദാലാപനവും കവിയുടെ അനുസ്മരണാഘോഷവും നടന്നു വരുന്നു. 15-ാംശതകത്തിൽ ഒറീസയിലെ രാജാവായിരുന്നു പ്രതാപരുദ്ര ദേവൻ. എല്ലാ വൈഷ്ണവ ക്ഷേത്രങ്ങളിലും ഗീതഗോവിന്ദാലാപനത്തിനു സംവിധാനമുണ്ടാക്കി. ഗുരുവായൂർ ക്ഷേത്രത്തിൽ നിത്യവും അഷ്ടപദി പാടുന്നുണ്ട്. യശഃശരീരനായ ഞരളത്തു രാമപ്പൊതുവാൾ പ്രസിദ്ധനായ അഷ്ടപദി ഗായകനായിരുന്നു. എല്ലാ ഭാരതീയ ഭാഷകളിലും പല വിദേശഭാഷകളിലും ഗീതഗോവിന്ദം പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ഇതിനു നാല്പതിലധികം വ്യാഖ്യാനങ്ങളും ഉണ്ടായിട്ടുണ്ട്. ചങ്ങമ്പുഴയുടെ 'ദേവഗീത' മലയാളത്തിൽ ഗീതഗോവിന്ദത്തിനുണ്ടായ പ്രസിദ്ധമായ പരിഭാഷയാണ്. സിക്കുകാരുടെ മതഗ്രന്ഥമായ ഗുരുഗ്രന്ഥ സാഹിബിൽ ജയദേവൻ രചിച്ച പദ്യങ്ങളുണ്ട്. ഗുരുനാനാക്കിന്റെ പൂർവഗാമിയായി സിക്കുകാർ ആദരിക്കുന്ന വൈഷ്ണവസന്യാസിയാണു ജയദേവൻ.*



*ജയദേവർ*

ഗീതഗോവിന്ദമെന്ന ഒരൊറ്റ ലഘുകാവ്യം കൊണ്ടു ഭാരതീയ സാഹിത്യത്തിൽ ചിരപ്രതിഷ്ഠ നേടിയ അനുഗൃഹീത കവിയാണു ജയദേവൻ. പടിഞ്ഞാറൻ ബംഗാളിൽ ഭാഗീരഥീ തീരത്തുള്ള നവദ്വീപത്തിൽ ഭരണം നടത്തിയിരുന്ന ലക്ഷ്മണസേന മഹാരാജാവിന്റെ സദസ്സിലെ പഞ്ചരത്നങ്ങളിലൊരാളായിരുന്നു ജയദേവൻ.

കൃഷ്ണാനുഗ്രഹം നേടിയ വൈഷ്ണവ സിദ്ധനായി അദ്ദേഹം ആദരിക്കപ്പെടുന്നു. ജന്മദേശത്തെക്കുറിച്ചു വ്യക്തമായ സൂചനകളില്ലെങ്കിലും പശ്ചിമബംഗാളിലെ ബീർഭം ജില്ലയിൽ കേന്ദുലി ഗ്രാമത്തിലാണു ജയദേവന്റെ ജനനം എന്നാണു കരുതപ്പെടുന്നത്. ഭക്തകവിയായ വില്ല്വമംഗലത്തിന്റെ പുനർജന്മമായിരുന്നു ജയദേവൻ എന്നു വിശ്വസിക്കുന്നവരുമുണ്ട്. രാധാദേവിയും ഭോജദേവനുമാണു മാതാപിതാക്കളെന്നും പത്മാവതി ഭാര്യയാണെന്നും ഗീതഗോവിന്ദത്തിൽ പരാമർശിച്ചിട്ടുണ്ട്.

ദേശാടന പ്രിയനായിരുന്ന ജയദേവൻ ചെറുപ്പത്തിൽ പ്രകൃതിഭംഗി ആസ്വദിച്ചും പുണ്യസ്ഥലങ്ങൾ സന്ദർശിച്ചും ജീവിതം നയിച്ചു. ഒരിക്കൽ പുരിജഗന്നാഥക്ഷേത്രത്തിൽ ദർശനം നടത്തവെ ഒരു ബ്രാഹ്മണൻ തന്റെ സുന്ദരിയായ പുത്രിയുമൊത്തു ജയദേവകവിയെ സമീപിച്ചു, തന്റെ പുത്രിയെ ജയദേവ കവിക്കു വിവാഹം ചെയ്തു നല്കണം എന്നു സ്വപ്ന ദർശനമുണ്ടായതായി അറിയിച്ചു. കുടുംബജീവിതത്തെപ്പറ്റി ചിന്തിച്ചിട്ടില്ലാത്ത കവിക്കു പെട്ടെന്നൊരു തീരുമാനമെടുക്കാൻ കഴിഞ്ഞില്ല. പുത്രിയെ അവിടെ നിർത്തിയിട്ടു ബ്രാഹ്മണൻ ദേശാടനത്തിനായി പുറപ്പെടുകയും ചെയ്തു. തുടർന്നു ജയദേവകവി പത്മാവതി എന്ന പ്രസ്തുത യുവതിയെ വിവാഹം ചെയ്യുകയും ക്രമേണ ആ സ്ത്രീ കവിയുടെ സന്തത സഹചാരിയായിത്തീരുകയും ചെയ്തു. ഏറെനാൾ ഗൃഹസ്ഥാശ്രമം നയിച്ചശേഷം സർവസമ്പത്തും സജ്ജനങ്ങൾക്കു ദാനം നല്കി അവർ ഭിക്ഷാംദേഹികളായി ശിഷ്ടജീവിതം നയിച്ചു എന്നാണ് ഐതിഹ്യം.

### ഗീതഗോവിന്ദം

ഗീതഗോവിന്ദം ഭക്തികലർന്ന പ്രേമകാവ്യമാണ്. കൃഷ്ണനും രാധയും തമ്മിലുള്ള പ്രണയകലഹം, സഖിയുടെ മധ്യസ്ഥത, കമിതാക്കളുടെ പുനഃസമാഗമം എന്നി



# ഗോവിന്ദം പാടിയ മഹാകവി




ത്രയുമാണ് ഇതിലെ പ്രതിപാദ്യം. നാടകീയമായി കഥ അവതരിപ്പിച്ചിരിക്കുന്നു. സംഭാഷണം മുഴുവനും ഗീതങ്ങളായിട്ടാണ്. കഥാസന്ദർഭങ്ങളെ കൂട്ടിയിണക്കുന്നതു ശ്ലോകങ്ങളിലൂടെയും. ഭക്തിയും ശൃംഗാരവും ഇഴചേർത്തിരിക്കുന്ന ഈ മനോഹരകാവ്യത്തിന്റെ തുടക്കത്തിൽ ഇപ്രകാരം പറയുന്നു.

'യദി ഹരിസ്മരണേ സരസം മനോ
യദി വിലാസ കലാസുകൂതുഹലം
മധുരകോമള കാന്തപദാവലിം
ശൃണു തദാ ജയ ദേവസരസ്വതീം.'




*ഗീതഗോവിന്ദം*

(ഹരിസ്മരണയിലാണു താത്പര്യമെങ്കിൽ അങ്ങനെ, അതല്ല, ശൃംഗാര കലകളിലാണു കൗതുകമെങ്കിൽ അതാകട്ടെ, മധുര കോമളകാന്തപദാവലിയോടുകൂടിയ ജയദേവവാണി കേൾക്കൂ.)

ഭക്തിയുടെ അടിയൊഴുക്കുണ്ടെങ്കിലും ഉദാത്തമായ ശൃംഗാരമാണു കാവ്യത്തിലെ മുഖ്യരസം. ഭോഗാത്മക പ്രണയം ദിവ്യപ്രണയമായി പരിണതി പ്രാപിച്ചിരിക്കുന്നു.

ഭാരതത്തിലെമ്പാടുമുള്ള ചിത്രകല, ശില്പകല, രംഗകലകൾ, സംഗീതം ഇവയിൽ ഗീതഗോവിന്ദത്തിന്റെ സ്വാധീനം പ്രകടമാണ്.



*ഖജുരാഹൊ*

പുരി, കൊണാറക്, ഖജുരാഹൊ എന്നിവിടങ്ങളിലെ ശില്പങ്ങളും, ഡക്കാണിലെ പില്ക്കാല രാഷ്ട്രകൂട-ചാലുക്യ കാലഘട്ടത്തിലെ ശില്പങ്ങളും ഗീതഗോവിന്ദരംഗങ്ങളുടെയും സന്ദർഭങ്ങളുടെയും അവതരണങ്ങളാണ്.



*കൊണാർക് ക്ഷേത്രം*

ഗുജറാത്ത്, രാജസ്ഥാൻ, കാൻഗ്ര, വൃന്ദാവനം, വാരണാസി, ചമ്പ, മന്ദി, ബസോളി, നേപ്പാൾ എന്നിവിടങ്ങളിലെ ചിത്രകലയിലും, കേരളം, തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണാടകം എന്നീ ദക്ഷിണേന്ത്യൻ പ്രദേശങ്ങളിലെ ചിത്രരചനയിലും ഗീതഗോവിന്ദം സ്വാധീനം ചെലുത്തിയിട്ടുണ്ട്.

കേരളത്തിൽ 'അഷ്ടപദി' എന്ന പേരിലാണു ഗീതഗോവിന്ദം അറിയപ്പെടുന്നത്. പന്ത്രണ്ടു സർഗങ്ങളായി രചിച്ചിരിക്കുന്ന ഈ കാവ്യത്തിലെ ഇരുപത്തിനാലു ഗീതങ്ങളിൽ ഓരോന്നിനും എട്ടു പാദങ്ങളുണ്ട്. അതിനാലായിരിക്കാം അഷ്ടപദി എന്ന പേരു ലഭിച്ചത്.

മലയാള സാഹിത്യത്തിൽ ഇതിന്റെ സ്വാധീനം കുറച്ചൊന്നുമല്ല. കൃഷ്ണനാട്ടത്തിനു പ്രചോദകമായത് ഈ കൃതിയാണ്. കേരളത്തിൽ മാത്രം പ്രചാരത്തിലുള്ള സോപാന സംഗീതത്തിലെ കൊട്ടിപ്പാടി സേവയ്ക്കു പാടുന്നത് അഷ്ടപദിയിലെ ഗീതങ്ങളാണ്. 'ക്ലാസിക്കൽ സംസ്കൃത കവിതയുടെ ഹംസഗാനം' എന്നു വിശേഷിപ്പിക്കപ്പെടുന്ന കൃതിയാണു ഗീതഗോവിന്ദം.' ☆

ജനസ്വരം

# കെട്ടിട നികുതി പുതുക്കൽ മാനദണ്ഡം പുനഃപരിശോധിക്കണം

**ജോജി തെക്കൂടൻ**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കെട്ടിട നികുതി സംബന്ധിച്ചു മുൻ സർക്കാർ കഴിഞ്ഞ ജനുവരി 14നു വിജ്ഞാപനം ചെയ്ത ചട്ടങ്ങൾ തികച്ചും ജനദ്രോഹപരമാണ്. ചതുരശ്രമീറ്റർ (തറ വിസ്തീർണം) കണക്കാക്കിയാണു പുതിയ നികുതി നിർണയിക്കുന്നത്. വാസഗൃഹങ്ങൾക്ക് ഒരു ചതുരശ്ര മീറ്ററിന് 8 രൂപയും, വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്കു മുപ്പതു രൂപയുമാണു കുറഞ്ഞ നിരക്കായി നിർദേശിച്ചിട്ടുള്ളത്.

ചെറിയ വീടുകൾക്കു പോലും ഇരുന്നൂറു ശതമാനം വരെ വർധനയാണു പുതിയ നിരക്കിലൂടെ വന്നു ചേരുക. തറയുടെ സ്വഭാവം, കെട്ടിടത്തിന്റെ പഴക്കം, പ്രധാന റോഡുകളോടുള്ള സാമീപ്യം, സീലിങ്ങിന്റെ സ്വഭാവം എന്നിവയ്ക്കനുസരിച്ചു നിരക്കുകൾ വീണ്ടും വർധിക്കും. കെട്ടിട ഉടമ വ്യാപാരാവശ്യത്തിനു വാടകയ്ക്കു നല്കിയാൽ നികുതി ഒന്നര ഇരട്ടിയായി മാറും. ഈ ഗവൺമെണ്ട് ഉത്തരവു ജനരോഷത്തെ തുടർന്നു മുൻസർക്കാർ മരവിപ്പിച്ചിരുന്നുവെങ്കിലും കാലാവധി തീരുന്നതിനു തൊട്ടു മുൻപു സർക്കാർ അതു പ്രാബല്യത്തിലാക്കിയിരുന്നു. സംസ്ഥാനത്തെ ലക്ഷോപലക്ഷം വരുന്ന സാധാരണക്കാരെ നേരിട്ടു ദോഷകരമായി ബാധിക്കുന്ന ഈ നിയമം പുതിയ ഐക്യ ജനാധിപത്യമുന്നണി സർക്കാർ പുനഃപരിശോധിക്കുമെന്ന പ്രതീക്ഷയിലിരിക്കുമ്പോഴാണ് ഈ ഉത്തരവ് അതേപടി ഇപ്പോൾ നടപ്പിലാക്കികൊണ്ടിരിക്കുന്നത്.

വ്യപാര, വ്യവസായ സ്ഥാപനങ്ങളിൽ നിന്നു വ്യത്യസ്തമായ, പ്രത്യുത്പാദനപരമല്ലാത്ത പാർപ്പിടങ്ങൾക്കു കനത്ത നികുതി ചുമത്തുന്നത് ഒരിക്കലും നീതീകരിക്കാവുന്നതല്ല. പൈതൃകമായി ലഭിച്ചതോ, സ്വന്തമായി പണി കഴിപ്പിച്ചതോ ആയ വാസഗൃഹങ്ങളെ ദേശീയ, സംസ്ഥാന, ജില്ലാ റോഡുകളുടെ സാമീപ്യത്തിന്റെ പേരിൽ പ്രഥമ, ദ്വീതീയ, തൃതീയ മേഖലകളാക്കി വ്യത്യസ്ത നികുതി ചുമത്തുന്നതു ശരിയല്ല.

പത്തുവർഷത്തിനിടയിൽ വാസഗൃഹങ്ങളുടെയും, ഫ്ളാറ്റുകളുടെയും എണ്ണത്തിൽ നമ്മുടെ സംസ്ഥാനത്തു വൻമുന്നേറ്റമാണ് ഉണ്ടായത്. ഇവയ്ക്കു പരിമിതമായ നികുതിവർധന വരുത്തിയാൽ പോലും ഗാർഹികേതര കെട്ടിടങ്ങൾ ഉൾപ്പെടെയുള്ളവയിൽ നിന്നും നിലവിലുള്ളതിന്റെ അഞ്ചിരട്ടിയിലധികം വരുമാനമുണ്ടാകും. അതിനാൽ ഗ്രാമീണ മേഖലയിൽ ഈടാക്കുന്ന നികുതി ചതുരശ്രമീറ്ററിനു പരമാവധി മൂന്നു രൂപയാക്കണം.

ഗാർഹികാവശ്യങ്ങൾക്കുള്ള വാസഗൃഹങ്ങളെ മേഖലാ സംവിധാനത്തിൽ നിന്നും ഒഴിവാക്കണം. 25 വർഷത്തിനുമേൽ പഴക്കമുള്ള വാസഗൃഹ ഉടമകളെയാണു നിയമം ഏറ്റവും ദോഷകരമായി ബാധിക്കുക. സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി ഉടമ തന്നെ തന്റെ കെട്ടിടത്തിന്റെ നികുതി രേഖപ്പെടുത്തി നിശ്ചിത ഫോറത്തിൽ ഒപ്പിട്ടു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഏല്പിക്കണമെന്നാണു സർക്കാർ നിർദേശം. ഇതിനായി ദുർഗ്രഹവും സങ്കീർണവുമായ ചോദ്യാവലിയും അവ്യക്തമായ മാർഗനിർദേശങ്ങളുമടങ്ങിയ 12 പേജു വരുന്ന ഡിമാന്റ് നോട്ടീസാണു വീട്ടുടമയ്ക്കു ലഭിക്കുന്നത്.

സർക്കാർ നിശ്ചയിച്ച മാനദണ്ഡമനുസരിച്ച് 25 വർഷത്തിനുമേൽ പഴക്കമുള്ള വാസഗൃഹങ്ങൾക്കു നിലവിലുള്ളതിന്റെ എട്ടും പത്തും മടങ്ങു നികുതി നല്കേണ്ടി വരും. 25 വർഷത്തിനുമേൽ പഴക്കമുള്ള കെട്ടിടങ്ങൾക്കു നിലവിലുള്ള നികുതിയുടെ ഇരട്ടിയിൽ കവിയാൻ പാടില്ല. 50 വർഷത്തിനുമേൽ പഴക്കമുള്ളവയ്ക്ക് 50 ശതമാനം ഇളവു നല്കണം.

പത്തുവർഷത്തിനിടയിൽ വാസഗൃഹങ്ങളുടെയും, ഫ്ളാറ്റുകളുടെയും എണ്ണത്തിൽ നമ്മുടെ സംസ്ഥാനത്തു വൻമുന്നേറ്റമാണ് ഉണ്ടായത്. ഇവയ്ക്കു പരിമിതമായ നികുതിവർധന വരുത്തിയാൽ പോലും ഗാർഹികേതര കെട്ടിടങ്ങൾ ഉൾപ്പെടെയുള്ളവയിൽ നിന്നും നിലവിലുള്ളതിന്റെ അഞ്ചിരട്ടിയിലധികം വരുമാനമുണ്ടാകും. അതിനാൽ ഗ്രാമീണ മേഖലയിൽ ഈടാക്കുന്ന നികുതി ചതുരശ്രമീറ്ററിനു പരമാവധി മൂന്നു രൂപയാക്കണം.

ഉദ്യോഗസ്ഥരുടെ ശമ്പളവും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധൂർത്തും വർധിക്കുംതോറും നികുതി ദായകന്റെ നടുവൊടിയുകയാണ്. കെട്ടിടനികുതി പുനർനിർണയത്തിലൂടെ, വിലക്കയറ്റം മൂലം ദുസ്സഹമായ ജനജീവിതം വറച്ചട്ടിയിൽ നിന്ന് എരിതീയിലേക്ക് എറിയപ്പെടുന്ന അവസ്ഥയാണു ജനങ്ങൾക്കു സൃഷ്ടിക്കുക. ലക്ഷക്കണക്കിനു വീട്ടുകാരുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കി കെട്ടിടനികുതി നിർണയം സംബന്ധിച്ച് അടിയന്തിര പുനഃപരിശോധന നടത്താൻ സർക്കാർ തയ്യാറാകണം. ◇

*ഇരിങ്ങാലക്കുട മഹാത്മാ സാംസ്കാരിക വേദിയുടെ പ്രസിഡണ്ടാണ് ലേഖകൻ.*

**അനുസ്മരണം**

# സ്വെറ്റ്‌ലാന സ്റ്റാലിന
# പിതാവിനെ ദുർമാർഗിയും ദുഷ്ടനും എന്ന് ആക്ഷേപിച്ച മകൾ

ക്രംലിൻ കൊട്ടാരത്തിലെ രാജകുമാരിയായി അവൾ വളർന്നു. 'കൊച്ചുകുരുവി' എന്നാണ് അച്ഛനവളെ വിളിച്ചിരുന്നത്. അവളുടെ ആഗ്രഹങ്ങളെല്ലാം തത്ക്ഷണം നിറവേറ്റിയിരുന്നു, സ്നേഹനിധിയായ പിതാവ്. അമ്പിളിമാമനെ ചോദിച്ചാൽ അതും തയ്യാർ എന്ന മട്ടിലായിരുന്നു കാര്യങ്ങൾ. അമേരിക്കയിൽ നിന്നും കൗബോയ് സിനിമകളും പാരീസിൽ നിന്നും ഫാഷൻ വസ്ത്രങ്ങളും സ്വെറ്റ്‌ലാനയ്ക്കുവേണ്ടി മോസ്കോയിലെത്തി. അവൾ നാട്ടിലെങ്ങും പ്രസിദ്ധയായി. ആയിരക്കണക്കിനു ദമ്പതിമാർ തങ്ങളുടെ പെൺകുഞ്ഞുങ്ങൾക്കു സ്വെറ്റ്‌ലാനയെന്നു പേരിട്ടു. സ്വെറ്റ്‌ലാന എന്ന പേരിൽ സുഗന്ധലേപനങ്ങൾ മാർക്കറ്റിലെത്തി.



സ്വെറ്റ്‌ലാന സ്റ്റാലിനയുടെ ചരമ വാർത്ത മാധ്യമങ്ങളിൽ വളരെ പ്രാധാന്യത്തോടെ ഇടം പിടിച്ചു. സോവിയറ്റ് യൂണിയനിലെ സ്വേച്ഛാധിപതിയായിരുന്ന സ്റ്റാലിന്റെ ഏക മകളായിരുന്നു സ്വെറ്റ്‌ലാന എന്നതു മാത്രമായിരുന്നില്ല ഇതിനു പിന്നിൽ. നാലു ദശകങ്ങൾക്കപ്പുറത്ത് ആരംഭിച്ച അവരുടെ ഭൂഖണ്ഡാന്തര സഞ്ചാരവും എവിടെയും വേരുറയ്ക്കാത്ത ജീവിതവും എന്നും ലോകശ്രദ്ധയാകർഷിക്കാൻ പോന്നതായിരുന്നു.

കമ്യൂണിസ്റ്റ് കോട്ടയിൽ നിന്നും രക്ഷപ്പെട്ടു സ്വാതന്ത്ര്യത്തിന്റെ മേച്ചിൽപുറങ്ങളിലേക്കുള്ള സ്വെറ്റ്‌ലാനയുടെ പ്രയാണം അറുപതുകളുടെ അവസാനങ്ങളിൽ വൻ വിവാദമുയർത്തുകയും ചെയ്തിരുന്നു. അമേരിക്കയും സോവിയറ്റു യൂണിയനും തമ്മിലുണ്ടായിരുന്ന ശീതസമരം മൂർച്ഛിക്കുവാൻ ഈ സംഭവം ഇടയാക്കിയേക്കുമോ എന്നു പോലും ലോകം ആശങ്കപ്പെടുന്നേടത്തോളമെത്തി അന്നു കാര്യങ്ങൾ.

**കമ്യൂണിസ്റ്റ് ശൈലികളോടും പിതാവിന്റെ മനുഷ്യത്വ രഹിതമായ ക്രൂരകൃത്യങ്ങളോടും സന്ധിചെയ്യാൻ അവൾ തയ്യാറായിരുന്നില്ല. ക്രെംലിൻ കൊട്ടാരത്തിൽ ഒരു സ്വർണ്ണക്കൂട്ടിലെ പക്ഷിയെപ്പോലെ ജീവിക്കുവാനും അവൾക്കാകുമായിരുന്നില്ല. സ്വാതന്ത്ര്യത്തിന്റെ വിഹായസ്സിൽ പറക്കാൻ കൊതിച്ച ഒരു വാനമ്പാടിയായിരുന്നു അവൾ.**

ദയനീയമായിരുന്നു സ്വെറ്റ്‌ലാനയുടെ അന്ത്യനാളുകൾ. ദാരിദ്ര്യവും ഏകാന്തതയുമായിരുന്നു അക്കാലത്ത് അവരുടെ കൂട്ടുകാർ.

തീർത്തും ഉൾവലിഞ്ഞ് ഏതാണ്ടൊരജ്ഞാതവാസമായിരുന്നു അത്.തുന്നൽപണി ചെയ്തും പുസ്തകം വായിച്ചുമായിരുന്നു സമയം പോക്കിയിരുന്നത്.

ആദ്യ രണ്ടു വിവാഹങ്ങളിലെ കുട്ടികൾ റഷ്യയിലാണ്. മൂന്നാമതു നടന്ന അമേരിക്കൻ വിവാഹത്തിലുണ്ടായ മകൾ ഓൾഗാപീറ്റേഴ്സ്, വിവാഹിതയായി ഭർത്താവിനോടൊത്തു ജോലി സ്ഥലമായ പോർട്ട്‌ലാന്റിൽ. ഫലത്തിൽ അനാഥയായ അവർ വൃദ്ധസദനങ്ങളിലായിരുന്നു ഏറെനാൾ.പടിഞ്ഞാറൻ ലണ്ടനിലെ ഒരു വൃദ്ധസദനത്തിൽ, പിന്നീടു സ്വിറ്റ്സർലണ്ടിലെ ഒരു ക്രിസ്ത്യൻ കോൺവെന്റിൽ, ഒടുവിൽ ഷിക്കാ

ഗോയിലെ റിച്ച്ലാന്റ് കൗണ്ടിയിലെ വിസ്കോൻസിൽ

സംഭവബഹുലമായിരുന്നു സ്വെറ്റ്ലാനയുടെ ജീവിതം. റഷ്യയിൽ നിന്നും പുറത്തുകടന്ന അവർ ഇന്ത്യയിൽ എത്തി. ഇന്ത്യയിൽ നിന്നും യൂറോപ്പിലേക്ക്, അവിടെ നിന്നും അമേരിക്കയിലേക്ക്. 1984ൽ തിരിച്ചു മോസ്കോയിലേക്ക്. ജോർജിയയിലേക്ക്. തിരികെ വീണ്ടും അമേരിക്കയിലേക്ക്. പിന്നീട് ഇംഗ്ലണ്ടിലേക്ക്, ഫ്രാൻസിലേക്ക്, തിരികെ അമേരിക്കയിലേക്ക്, വീണ്ടും ഇംഗ്ലണ്ടിലേക്ക് ഒടുവിൽ അമേരിക്കയിൽ. അങ്ങനെ ഭൂഖണ്ഡങ്ങളിൽ നിന്നു ഭൂഖണ്ഡങ്ങളിലേക്കും, രാജ്യങ്ങളിൽ നിന്നു, രാജ്യങ്ങളിലേക്കും, നഗരങ്ങളിൽ നിന്നും നഗരങ്ങളിലേക്കും തിരിച്ചും മറിച്ചുമുള്ള യാത്രകൾ. ഒരിടത്തും ഉറയ്ക്കാതെ; എന്തോ തിരഞ്ഞ്.

> **1967 ഏപ്രിൽ മാസത്തിൽ സ്വെറ്റ്ലാന അമേരിക്കയിലെത്തി. വിമാനത്താവളത്തിൽ മാധ്യമങ്ങൾ കാത്തുനിന്നു. തുടർന്നു നടത്തിയ വാർത്താസമ്മേളനത്തിൽ അവർ സോവിയറ്റു ഭരണകൂടത്തെ പരസ്യമായി തള്ളിപ്പറഞ്ഞു. ന്യൂജഴ്സിയിലെ പ്രിൻസ് ടൗണിൽ വാസമുറപ്പിച്ച അവർ തന്റെ സോവിയറ്റ് പാസ്പോർട്ട് പരസ്യമായി കത്തിച്ചുകൊണ്ടു പ്രഖ്യാപിച്ചു. ''ഇനി ഞാൻ റഷ്യയിലേക്കില്ല.'' തന്റെ പിതാവിനെയും അവർ തള്ളിപ്പറഞ്ഞു. ''ദുർമാർഗിയും നിഷേധിയുമായ സത്വമാണയാൾ.''**

1967ൽ അമേരിക്കയിൽ രാഷ്ട്രീയ അഭയം തേടിയ സ്വെറ്റ്ലാന സ്റ്റാലിന, മൂന്നുപേരുകളിൽ അറിയപ്പെട്ടിരുന്നു. കുട്ടിക്കാലത്തെ പേരു കൂടാതെ, സ്റ്റാലിന്റെ മരണത്തോടെ, അമ്മയുടെ പേരിന്റെ അവസാന ഭാഗം കൂട്ടിച്ചേർത്തു സ്വെറ്റ്ലാന അലിലുയേവ എന്ന പേരു സ്വീകരിച്ചു.

1970ൽ അമേരിക്കൻ ആർക്കിടെക്റ്റ് വില്യം വെസ്ലി പീറ്റേഴ്സിനെ വിവാഹം ചെയ്തപ്പോൾ ലെന പീറ്റേഴ്സ് എന്നു പേരുമാറ്റി1920 ഫെബ്രുവരി 28-ാം തീയതിയാണു സ്വെറ്റ്ലാന ജനിച്ചത്.

ക്രംലിൻ കൊട്ടാരത്തിലെ രാജകുമാരിയായി അവൾ വളർന്നു. 'കൊച്ചുകുരുവി' എന്നാണ് അച്ഛനവളെ വിളിച്ചിരുന്നത്. അവളുടെ ആഗ്രഹങ്ങളെല്ലാം തത്ക്ഷണം നിറവേറ്റിയിരുന്നു, സ്നേഹനിധിയായ പിതാവ്. അമ്പിളിമാമനെ ചോദിച്ചാൽ അതും തയ്യാർ എന്ന മട്ടിലായിരുന്നു കാര്യങ്ങൾ.

അമേരിക്കയിൽ നിന്നും കൗബോയ് സിനിമകളും പാരീസിൽ നിന്നും ഫാഷൻ വസ്ത്രങ്ങളും സ്വെറ്റ്ലാനയ്ക്കുവേണ്ടി മോസ്കോയിലെത്തി. അവൾ നാട്ടിലെങ്ങും പ്രസിദ്ധയായി. ആയിരക്കണക്കിനു ദമ്പതിമാർ തങ്ങളുടെ പെൺകുഞ്ഞുങ്ങൾക്കു സ്വെറ്റ്ലാനയെന്നു പേരിട്ടു. സ്വെറ്റ്ലാന എന്ന പേരിൽ സുഗന്ധലേപനങ്ങൾ മാർക്കറ്റിലെത്തി.

പക്ഷേ, പിതാവും പുത്രിയും തമ്മിലുള്ള ഊഷ്മള ബന്ധത്തിനു ക്രമേണ ഉലച്ചിൽ തട്ടി. 1932ൽ സ്വെറ്റ്ലാനയുടെ അമ്മ, സ്റ്റാലിന്റെ രണ്ടാംഭാര്യ, നടാഷ അലില്യുയേവയുടെ മരണമായിരുന്നു അവളുടെ ജീവിതത്തിലെ ഏറ്റവും കറുത്ത നിമിഷം.

അപ്പൻഡിസൈറ്റിസ് മൂലമാണു നടാഷ മരിച്ചതെന്നാണ് അച്ഛൻ ആറു വയസ്സുകാരി മകളോടു പറഞ്ഞത്. പക്ഷേ, അതൊരാത്മഹത്യയായിരുന്നുവെന്ന് ഒരു ദശാബ്ദത്തിനുശേഷം അവൾ മനസ്സിലാക്കി. പിന്നീടങ്ങോട്ട് അവർ തമ്മിൽ അടുക്കാനാവാത്ത വിധം അകന്നു. രണ്ടാം ലോകമഹായുദ്ധത്തിന്റെ ചുഴികളിൽ പെട്ട് ഉഴലുകയായിരുന്നു ഉരുക്കു മനുഷ്യനായ സ്റ്റാലിൻ.

യുദ്ധലഹരിയിൽ ഭ്രാന്തുപിടിച്ച പിതാവിന്റെ മകളോടുള്ള പെരുമാറ്റം പലപ്പോഴും അന്തസ്സു കെട്ടതായി. സ്വെറ്റ്ലാനയുടെ സഹോദരൻ യാക്കോവ് നാസികളുടെ പിടിയിൽപെട്ടപ്പോൾ സോവിയറ്റ് യൂണിയന്റെ തടങ്കലിലായിരുന്ന ജർമൻ ജനറലിനു പകരം മോചിപ്പിക്കാമെന്നു വാഗ്ദാനം ചെയ്തെങ്കിലും സ്റ്റാലിൻ അതും നിരസിച്ചു. മകൻ വധിക്കപ്പെട്ടു.



സ്വെറ്റ്ലാനയും സ്റ്റാലിനും

കമ്യൂണിസ്റ്റ് ശൈലികളോടും പിതാവിന്റെ മനുഷ്യത്വരഹിതമായ ക്രൂരകൃത്യങ്ങളോടും സന്ധിചെയ്യാൻ അവൾ തയ്യാറായിരുന്നില്ല. ക്രെംലിൻ കൊട്ടാരത്തിൽ സ്വർണക്കൂട്ടിലെ പക്ഷിയെപ്പോലെ ജീവിക്കുവാനും അവൾക്കാകുമായിരുന്നില്ല. സ്വാതന്ത്ര്യത്തിന്റെ വിഹായസ്സിൽ പറക്കാൻ കൊതിച്ച ഒരു വാനമ്പാടിയായിരുന്നു അവൾ.

തന്റെ ആദ്യ പ്രേമം പിതാവു തകർത്തതെങ്ങനെയെന്നു സ്വെറ്റ്ലാന ഓർമക്കുറിപ്പുകളിൽ വിവരിച്ചിട്ടുണ്ട്: ഒരു യഹൂദയുവാവായിരുന്നു കാമുകൻ. ഈ ബന്ധത്തെ എതിർത്ത സ്റ്റാലിൻ കാമുകനെ സൈബീരിയായിലേക്ക് അയച്ചു. ക്രമേണ രണ്ടു ലോകങ്ങളിലായി അച്ഛനും മകളും. അവൾ സാഹിത്യം പഠിക്കാനാഗ്രഹിച്ചു. പിതാവു ചരിത്രം പഠിക്കാൻ നിർബന്ധിച്ചു. തന്റെ ആദ്യ പ്രേമം തകർന്ന് ഒരു വർഷത്തിനു ശേഷം താൻ മറ്റൊരാളെ വിവാഹം ചെയ്യാൻ ആഗ്രഹിക്കുന്നതായി അവൾ പിതാവിനെ അറിയിച്ചു. ഒരു സഹപാഠിയായിരുന്നു പുതിയ

കാമുകൻ. കവിളത്തേറ്റ ശക്തിയായ അടിയായിരുന്നു അച്ഛന്റെ മറുപടി. പക്ഷേ, ഈ പ്രാവശ്യം അവൾ വിട്ടു കൊടുത്തില്ല. അവളയാളെ വിവാഹം ചെയ്തു. അവർക്കൊരു മകൻ പിറന്നു- ലോസിഫ്.

പക്ഷേ, അധികം താമസിയാതെ വിവാഹമോചനവും നടന്നു.

സ്റ്റാലിന്റെ പുത്രി എന്നപദവി മകൾക്കെന്നും ഒരു മുൾക്കിരീടമായിരുന്നു. പിതാവിന്റെ കറുത്ത നിഴലിൽ നിന്നും ഒളിച്ചോടിയ അവൾക്കു പക്ഷേ, ചെന്നിടത്തെല്ലാം സ്റ്റാലിന്റെ പുത്രി എന്ന പേരിൽ മാത്രം അറിയപ്പെടാനായിരുന്നു വിധി. സ്വച്ഛന്ദമായ ഒരു ജീവിതം കൊതിച്ചു അവൾ. വിധി വൈപരീത്യമെന്നേ പറയേണ്ടൂ. കല്ലും മുള്ളും നിറഞ്ഞതായിരുന്നു അവരുടെ ജീവിതപാത. ഒടുവിൽ മരണം എത്തേണ്ടി വന്നു സ്റ്റാലിന്റെ പുത്രിക്കു മോചനം നല്കാൻ. പരലോകത്തും അദ്ദേഹം തന്റെ പ്രിയ പുത്രിയെ കാത്തിരിക്കുന്നുണ്ടാകുമോ എന്തോ!

സ്വെറ്റ്ലാന അധികം താമസിയാതെ വീണ്ടും വിവാഹിതയായി. ഈ പ്രാവശ്യം പിതാവിന്റെ ആശിർവാദത്തോടെ തന്നെയായിരുന്നു വിവാഹം. വരൻ പിതാവിന്റെ വലം കൈയായിരുന്ന ആൻഡ്രി ഷഡാനോവിന്റെ മകനായിരുന്നു. ഈ ബന്ധത്തിലൊരു മകൾ പിറന്നു, 'യെകറ്ററീന'. പിന്നീട് ഈ ബന്ധവും വേർപിരിഞ്ഞു.

പിതാവിന്റെ അന്ത്യനാളുകളായപ്പോഴേക്കും അവളുടെ ജീവിതം കൂടുതൽ ദുരിതപൂർണമായി. സ്റ്റാലിനുശേഷം സോവിയറ്റ് ഭരണാധികാരിയായ നികിതക്രൂഷ്ചേവ് തന്റെ ഓർമക്കുറിപ്പുകളിൽ രേഖപ്പെടുത്തിയ ഒരു ചിത്രമുണ്ട്. 1952ലെ പുതുവത്സരാഘോഷത്തിനിടയിൽ സ്വെറ്റ്ലാനയുടെ മുടിയിൽ പിടിച്ചു വലിച്ചിഴച്ചു നൃത്തച്ചുവടുകൾക്കു നിർബന്ധിക്കുന്ന നിഷ്ഠൂരനായ ഒരു പിതാവിന്റെ ചിത്രം.പിതാവിന്റെ മരണത്തോടെ അധികാരം സമ്മാനിച്ചിരുന്ന ആർഭാടങ്ങളെല്ലാം നഷ്ടപ്പെട്ട അവൾ വെറും സാധാരണക്കാരിയായി മാറി. ഈ സമയത്താണ് ഇന്ത്യാക്കാരനായ ബ്രിജേഷ് സിങുമായി അവൾ പ്രേമത്തിലാകുന്നത്.

ഒരു കമ്യൂണിസ്റ്റ്കാരനായിരുന്ന ബ്രിജേഷിനെ വിവാഹം ചെയ്യാനുള്ള സ്വെറ്റ്ലാനയുടെ നീക്കത്തെ കമ്യൂണിസ്റ്റ് പാർട്ടി എതിർത്തു. എങ്കിലും അവരുടെ പ്രണയം തകർക്കാൻ പാർട്ടിക്കായില്ല. 1967ൽ ബ്രിജേഷ് രോഗബാധിതനായി മരിച്ചപ്പോൾ അദ്ദേഹത്തിന്റെ ചിതാഭസ്മവുമായി സ്വെറ്റ്ലാന ഇന്ത്യയിലെത്തി. റഷ്യൻ രഹസ്യപോലീസായ കെ.ജി.ബിയുടെ നിരന്തര നിരീക്ഷണത്തിലായിരുന്നു സ്വെറ്റ്ലാന. അവരുടെ കണ്ണുവെട്ടിച്ച് ഇന്ത്യയിലെ അമേരിക്കൻ നയതന്ത്രകാര്യാലയത്തിൽ രാഷ്ട്രീയാഭയം തേടി ലോകത്തെ മുഴുവൻ അമ്പരപ്പിച്ചു.

അമേരിക്കൻ ഭരണകൂടം അവരെ രഹസ്യമായി യൂറോപ്പിലെത്തിക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്തു. അമേരിക്കയിലേക്ക് അവരെ എത്തിക്കുന്നതു സോവിയറ്റു യൂണിയനുമായുള്ള ബന്ധങ്ങൾ തകരാറിലാക്കുമെന്നു ഭയപ്പെട്ടിരുന്നെങ്കിലും പ്രസിഡണ്ട് ലിൻഡൺ ബി. ജോൺസൺ പ്രത്യേകം നിഷ്കർഷിച്ചതിനാൽ ഉപാധികളോടെ അവരെ അമേരിക്കയിലെത്തിച്ചു. കൂറുമാറിയ അവരെ കൊലപ്പെടുത്താൻ കെ.ജി.ബി പദ്ധതി തയ്യാറാക്കിയിരുന്നുവെങ്കിലും തങ്ങളുടെ പങ്കു വെളിപ്പെട്ടെങ്കിലോ എന്ന ആശങ്കകൊണ്ട് അതിൽ നിന്നും പിന്മാറുകയായിരുന്നു.

1967 ഏപ്രിൽ മാസത്തിൽ സ്വെറ്റ്ലാന അമേരിക്കയിലെത്തി. വിമാനത്താവളത്തിൽ മാധ്യമങ്ങൾ കാത്തുനിന്നു.



സ്വെറ്റ്ലാന ചെറുപ്പകാലത്ത്

തുടർന്നു നടത്തിയ വാർത്താസമ്മേളനത്തിൽ അവർ സോവിയറ്റു ഭരണകൂടത്തെ പരസ്യമായി തള്ളിപ്പറഞ്ഞു. ന്യൂജഴ്സിയിലെ പ്രിൻസ്ടൗണിൽ വാസമുറപ്പിച്ച അവർ തന്റെ സോവിയറ്റ് പാസ്പോർട്ട് പരസ്യമായി കത്തിച്ചുകൊണ്ടു പ്രഖ്യാപിച്ചു. "ഇനി ഞാൻ റഷ്യയിലേക്കില്ല." തന്റെ പിതാവിനെയും അവർ തള്ളിപ്പറഞ്ഞു. "ദുർമാർഗിയും നിഷേധിയുമായ സത്വമാണയാൾ".

'സുഹൃത്തിന് ഇരുപതു കത്തുകൾ' എന്ന തന്റെ ആത്മകഥയും, 'ഒരു വർഷം മാത്രം' എന്ന ഓർമക്കുറിപ്പുകളും അവർ ഇക്കാലത്തു പ്രസിദ്ധീകരിച്ചു. റീഡേഴ്സ് ഡൈജസ്റ്റ്, എസ്ക്വയർ മാഗസിൻ എന്നിവയിൽ സ്വെറ്റ്ലാനയുടെ ഇതിഹാസം സവിസ്തരം പ്രതിപാദിക്കപ്പെട്ടു.ക്രെംലിൻ ഭയപ്പെട്ടതുപോലെ ശീതസമരത്തിൽ അമേരിക്കയുടെ കൈയിലെ ശക്തമായ ഒരായുധമായിത്തീർന്നു അവർ.

1968 നാലു സോവിയറ്റു വിമതരുടെ വിചാരണയെ വെറും പ്രഹസനമെന്നാണ് അവർ വിശേഷിപ്പിച്ചത്. 'വോയ്സ് ഓഫ് അമേരിക്ക'യിലൂടെ നടത്തിയ പ്രഭാഷണത്തിൽ സ്വെറ്റ്ലാന അമേരിക്ക എന്ന സ്വർഗത്തെ വാഴ്ത്തിപ്പാടിയതു സോവിയറ്റു ജനതയ്ക്കു കേട്ടിരിക്കേണ്ടി വന്നു. തന്നെ പൊതിഞ്ഞിരിക്കുന്ന ഏകാന്തതയെപ്പറ്റി അഭിമുഖങ്ങളിൽ അവർ മനസ്സു തുറന്നു. റഷ്യ

യിൽ നിന്നുപോന്നപ്പോൾ 22 കാരനായ മകൻ അയോസിഫിനെയും 17 കാരിയായ മകൾ യെകർത്തീനയെയും നഷ്ടപ്പെട്ടു.

പക്ഷേ, 1970ൽ വില്യം വെസ്‌ലി പീറ്റേഴ്സിനെ വിവാഹം ചെയ്തതോടെ ജീവിതം വീണ്ടും തളിരിടുന്നതായി തോന്നി. എന്നാൽ, രണ്ടുവർഷത്തിനകം അവർ വേർപിരിയുകയാണുണ്ടായത്, പുത്രി ഓർഗയെ അവർക്കു വിട്ടുകൊടുത്തുകൊണ്ട്. 1978 ൽ അവർക്ക് അമേരിക്കൻ പൗരത്വം ലഭിച്ചു. ലനാ പിറ്റേഴ്സ് എന്നു പേരുമാറ്റിയ സ്വെറ്റ്ലാനയും മകൾ ഓർഗയും കാലിഫോർണിയായിൽ വിവിധ ഭാഗങ്ങളിൽ മാറി മാറിത്താമസിച്ചു. 1962ൽ ഓർഗയുടെ പഠനാർത്ഥം ഇംഗ്ലണ്ടിലേക്കു മാറിത്താമസിച്ചു. പിതാവിനെക്കുറിച്ചുള്ള അവരുടെ അഭിപ്രായത്തിന് ഇക്കാലത്ത് അല്പം മാറ്റം വന്നു. താൻ പിതാവിനെ ഒറ്റിക്കൊടുത്തു എന്നൊരു കുറ്റബോധം അവർക്കുള്ളതുപോലെ തോന്നി. 'ഞാൻ ചെയ്ത കാര്യങ്ങളോർത്താൽ എന്റെ പിതാവ് എന്നെ വെടിവച്ചു കൊല്ലേണ്ടതായിരുന്നു' എന്ന

> പിതാവിനെക്കുറിച്ചുള്ള അവരുടെ അഭിപ്രായത്തിന് ഇക്കാലത്ത് അല്പം മാറ്റം വന്നു. താൻ പിതാവിനെ ഒറ്റിക്കൊടുത്തു എന്നൊരു കുറ്റബോധം അവർക്കുള്ള തുപോലെ തോന്നി'ഞാൻ ചെയ്ത കാര്യങ്ങ ളോർത്താൽ എന്റെ പിതാവ് എന്നെ വെടിവച്ചുകൊല്ലേ ണ്ടതായിരുന്നു' എന്ന
>
> അക്കാലത്തെ അവരുടെ വാക്കുകൾ ഈ മാനസികാ വസ്ഥയാണു പ്രതിഫലിപ്പി ക്കുന്നത്.



അക്കാലത്തെ അവരുടെ വാക്കുകൾ ഈ മാനസികാവസ്ഥയാണു പ്രതിഫലിപ്പിക്കുന്നത്. സ്റ്റാലിനിസത്തിന് അല്പാല്പം അംഗീകാരം ലഭിച്ചുവരികയായിരുന്നു റഷ്യയിലപ്പോൾ. മുൻപു തന്റെ മക്കളുമായി ബന്ധപ്പെടുന്നതിൽ നിന്നും അവരെ തടസ്സം ചെയ്ത സോവിയറ്റ് ഉദ്യോഗസ്ഥർ അവരുടെ നിലപാടിൽ അയവുവരുത്തി. മകന്റെ ടെലിഫോൺ കോളുകൾ അമ്മയ്ക്കു സ്ഥിരമായി ലഭിച്ചുതുടങ്ങി.

അമ്മയെ കാണാൻ ഇംഗ്ലണ്ടിലേക്കുവരാമെന്നു മകൻ ഉറപ്പുനല്കി. ഹതാശയായ സ്വെറ്റ്ലാനയ്ക്കു മകനെ കാണുക എന്നത് ഒരു പുതിയ ജന്മംകിട്ടുന്നതുപോലെയായിരുന്നു. പക്ഷേ, പൊടുന്നനെ മകന് ഇംഗ്ലണ്ടിലേക്കു പോകാൻ അധികൃതർ അനുമതി നിഷേധിച്ചു. അതിനാൽ സ്വെറ്റ്ലാനയും മകൾ ഓർഗയും കൂടി റഷ്യയിലേക്കു പോയി. അവിടെവച്ച് അവർ പടിഞ്ഞാറിനെ പാടെ തള്ളിപ്പറഞ്ഞു.

'എനിക്ക് ഒരു ദിവസം പോലും സ്വതന്ത്രമായി അവിടെ ജീവിക്കാൻ കഴിഞ്ഞിട്ടില്ല'. അവർ പത്രക്കാരോടു പറഞ്ഞു. താൻ സിഐഎയുടെ പ്രീതിപാത്രമായിരുന്നുവെന്നും വെളിപ്പെടുത്തി. അമേരിക്കയിൽ താൻ പ്രകടിപ്പിച്ച യാഥാസ്തിഥിക കാഴ്ചപ്പാടുകളെക്കുറിച്ച് അവൾ മൗനം പാലിച്ചു. പത്രലേഖകർ ചോദ്യങ്ങളുമായി വന്നപ്പോൾ അവർ പൊട്ടിത്തെറിച്ചു.'നിങ്ങൾ മനുഷ്യത്വമില്ലാത്തവരാണ്, കാട്ടാളന്മാരാണ്, എനിക്കു നിങ്ങളെ കാണേണ്ട!' സ്വെറ്റ്ലാനയ്ക്കും വീണ്ടും ഓർഗയ്ക്കും സോവിയറ്റു പൗരത്വം നല്കപ്പെട്ടു. പക്ഷേ, റഷ്യയിലെ മകനും മകളും അവർ രണ്ടുപേരെയും തള്ളിപ്പറഞ്ഞു. പടിഞ്ഞാറൻ ആശയങ്ങളോടു സന്ധിചെയ്യാൻ അവർ തയ്യാറായിരുന്നില്ല.1986 ഏപ്രിലിൽ സ്വെറ്റ്ലാനയും ഓർഗയും അമേരിക്കയിൽ തിരികെയെത്തി. വിസ്കോൺസിൽ താമസമാക്കി.

റഷ്യയിൽ വച്ചു താൻ പറഞ്ഞതെല്ലാം അമേരിക്കയിലെത്തിയപ്പോൾ അവർ നിഷേധിച്ചു. ഭാഷാന്തരീകരണത്തിലെ പിഴവുമൂലം തന്റെ വാക്കുകൾ തെറ്റായി വ്യാഖ്യാനിക്കപ്പെടുകയായിരുന്നുവെന്നാണ് അവർ ആണയിട്ടത്. സ്റ്റാലിന്റെ പുത്രി എന്ന പദവി മകൾക്കെന്നും ഒരു മുൾക്കിരീടമായിരുന്നു.

പിതാവിന്റെ കറുത്ത നിഴലിൽ നിന്നും ഒളിച്ചോടിയ അവൾക്കു പക്ഷേ, ചെന്നിടത്തെല്ലാം സ്റ്റാലിന്റെ പുത്രി എന്ന പേരിൽ മാത്രം അറിയപ്പെടാനായിരുന്നു വിധി. സ്വച്ഛന്ദമായ ഒരു ജീവിതം കൊതിച്ചു അവൾ. വിധി വൈപരീത്യമെന്നേ പറയേണ്ടൂ, കല്ലും മുള്ളും നിറഞ്ഞതായിരുന്നു അവരുടെ ജീവിതപാത. അസ്വസ്ഥമായ മനസ്സോടെ തകർന്നുപോയ തന്റെ ജീവിതത്തെക്കുറിച്ചോർത്തു നെടുവീർപ്പിടാനേ അവർക്കു കഴിയുമായിരുന്നുള്ളൂ.

"നിങ്ങളുടെ വിധിയെക്കുറിച്ചോർത്തു ഖേദിക്കരുത്. പക്ഷേ, ഞാൻ ഖേദിക്കുന്നു. എന്റെ മാതാവ് ഒരു സാധാരണക്കാരനെ വിവാഹം ചെയ്യാത്തതിൽ. പിതാവാണെന്റെ ജീവിതം തകർത്തത്. ഞാൻ എവിടെ പോയാലും പിതാവിന്റെ പേര് എന്നെ ഒരു രാഷ്ട്രീയ തടവുകാരിയാക്കുന്നു."തന്നെ സന്ദർശിച്ച മാധ്യമപ്രവർത്തകരോട് ഒരിക്കൽ സ്വെറ്റ്ലാന പറഞ്ഞു. ഒടുവിൽ മരണം എത്തേണ്ടി വന്നു സ്റ്റാലിന്റെ പുത്രിക്കു മോചനം നല്കാൻ.

പരലോകത്തും അദ്ദേഹം തന്റെ പ്രിയപുത്രിയെ കാത്തിരിക്കുന്നുണ്ടാകുമോ എന്തോ! സാധ്യതയില്ല, അദ്ദേഹം പരലോകത്തിൽ വിശ്വസിച്ചിരുന്നില്ലല്ലോ!

■



# രണ്ടാം സ്വയംവരത്തിനു ഋതുപർണൻ തേരാളിയായി ബാഹുകൻ

**നളചരിതം 8**

**സവ്യസാചി**

ദമയന്തി അമ്മയുടെ അടുത്തുചെന്നു വളരെ രഹസ്യമായി പറഞ്ഞു: അമ്മേ, അതീവ രഹസ്യമായി ഞാനൊരു കാര്യം ചെയ്യാൻ ആഗ്രഹിക്കുന്നു. അച്ഛൻ പോലും അറിയരുത്. സുദേവ ബ്രാഹ്മണനെ നമുക്ക് അയോധ്യയിലേക്കയയ്ക്കണം. എന്നെ കൊണ്ടു വന്നതുപോലെ അദ്ദേഹം അവിടെ ചെന്നു നളനെയും കൊണ്ടു വരട്ടെ.

നിന്റെ ഇഷ്ടംപോലെ ചെയ്തുകൊള്ളൂ മകളേ -അമ്മ സമ്മതിച്ചു. അങ്ങനെയെങ്കിൽ നമുക്കു സുദേവ ബ്രാഹ്മണനു ധാരാളം സമ്മാനങ്ങൾ രത്നങ്ങളായും ഗോക്കളായും ഭൂമിയായും നല്കണം.

പിന്നെ സുദേവ ബ്രാഹ്മണനെ വിളിച്ചു ദമയന്തി ഇങ്ങനെ പറഞ്ഞു: ബ്രാഹ്മണോത്തമാ, അങ്ങ് ഉടൻ തന്നെ അയോധ്യയിലേക്കു പോകണം. അവിടെ ചെന്നു ഋതുപർണ രാജാവിനോടു ദമയന്തിക്കു രണ്ടാം സ്വയംവരം നിശ്ചയിച്ചിരിക്കുന്നു, രാജാക്കന്മാരും രാജകുമാരന്മാരും ധാരാളമായി കുണ്ഡിനത്തിലേക്ക് എത്തിക്കൊണ്ടിരിക്കുകയാണ്, താങ്കളും അവിടെയെത്തണം എന്നറിയിക്കണം. മാത്രവുമല്ല, ജ്യോതിഷികൾ സ്വയംവര മുഹൂർത്തം കുറിച്ചിരിക്കുന്നതു 'നാളെ'യാണ് എന്നും അവിടെയെത്തുന്ന അന്നു പറയണം. സൂര്യോദയമായാൽ അവൾ രണ്ടാം ഭർത്താവിനെ വരിക്കും. നളൻ ജീവിച്ചിരിക്കുന്നോ ഇല്ലയോ എന്ന് ആർക്കും അറിയില്ലല്ലൊ എന്നും കൂട്ടിച്ചേർക്കണം.

അങ്ങനെ തന്നെ എന്നു സമ്മതിച്ചു സുദേവൻ അയോധ്യയിലേക്കു തിടുക്കത്തിൽ യാത്രയായി.

ദമയന്തി നിർദ്ദേശിച്ചതുപോലെ തന്നെ സുദേവൻ അയോധ്യയിലെത്തി ഋതുപർണനോടു സ്വയംവരവൃത്താന്തം അറിയിച്ചു. ആദ്യം സന്തോഷം തോന്നിയെങ്കിലും ഒരു പകലുകൊണ്ടു മാത്രം അവിടെ എങ്ങനെയെത്തും എന്നോർത്തപ്പോൾ ഋതുപർണന്റെ സന്തോഷമെല്ലാം പമ്പകടന്നു. സാധാരണഗതിയിൽ മൂന്നുദിവസത്തെ ദൂരമുണ്ട്. എങ്കിലും അശ്വഹൃദയം അറിയുന്ന ഒരു സാരഥി എനിക്കുണ്ടല്ലൊ. അവനോടൊന്നു ചോദിച്ചു നോക്കാം.

> ഋതുപർണൻ നളന് അക്ഷഹൃദയ വിദ്യ പറഞ്ഞുകൊടുത്തു. അതുൾക്കൊണ്ട നിമിഷം നളനെ ബാധിച്ചിരുന്ന കലി പുറത്തു ചാടി. കാർക്കോടക വിഷമേറ്റു വല്ലാതെ വിവശനായ കലി വികൃതരൂപനായിട്ടാണു വെളിയിൽ വന്നത്. പണിപ്പെട്ടു സ്വരൂപം വീണ്ടെടുത്ത ആ ദുരാത്മാവു നളന്റെ മുമ്പിൽ പേടിച്ചു വിറച്ചു കൈകൂപ്പി യാചിച്ചു: നള മഹാരാജാവേ, പൊറുക്കണേ. അങ്ങേക്കു ഞാൻ മഹായശസ്സു സമ്മാനിക്കുന്നു. ഇന്ദ്രസേനന്റെ അമ്മ, അങ്ങയുടെ പതിവ്രതയായ പത്നി ദമയന്തി, മുമ്പെന്നെ ശപിച്ചിരുന്നു. പിന്നെ നാഗരാജാവിന്റെ വിഷമേറ്റു ഞാൻ രാപ്പകൽ ദഹിക്കുകയായിരുന്നു. ഇപ്പോൾ ഞാൻ നിന്നെ ശരണം പ്രാപിക്കുന്നു. എന്നെ ശപിക്കാതിരുന്നാൽ അങ്ങേക്കു സത്കീർത്തിയുണ്ടാകും. ഞാൻ മൂലമുണ്ടായ എല്ലാ ദോഷങ്ങളും ഒഴിഞ്ഞുപോകും.

ഋതുപർണൻ ബാഹുകനെ വിളിച്ചു വരുത്തി: ബാഹുകാ, ഒരു സന്തോഷവാർത്തയുണ്ട്. വിദർഭരാജകുമാരി ദമയന്തിക്കു രണ്ടാം സ്വയംവരം നടക്കുന്നു. അവളുടെ ആദ്യഭർത്താവു നളനെ കാണാതായിട്ടു നാളേറെയായത്രെ. ചൂതിൽ തോറ്റു കാടുകയറി, കാട്ടിൽ വച്ചു ഭാര്യയെ ഉപേക്ഷിച്ച് എങ്ങോട്ടോ ഓടിപ്പോയതാണത്രെ. എനിക്കവളിൽ പണ്ടേ ഒരു താത്പര്യമുണ്ടായിരുന്നതാണ്. അന്നു ഞാനും പോയിരുന്നു. പക്ഷേ, അവളെയും കൊണ്ടു നളൻ പോയി. ഇനിയും അവസരം നഷ്ടപ്പെടരുത്. നാളെയാണു സ്വയംവരം. നിനക്കെന്നെ ഒരു ദിവസം കൊണ്ടു വിദർഭത്തിലെത്തിക്കാൻ കഴിയുമോ?

നെഞ്ചിൽ തീക്കനൽ കോരിയിടുന്ന പോലെയായിരുന്നു നളന് ആ വാർത്ത. അദ്ദേഹത്തിന്റെ മനസ്സു തകർന്നുപോയി. ദുഃഖം സഹിക്കവയ്യാതായി. എന്നാലും ഭൈമിയിങ്ങനെ ചെയ്തല്ലൊ. എനിക്കു വിശ്വസിക്കാൻ കഴിയുന്നില്ല. ചിലപ്പോൾ എന്നെ കണ്ടുപിടിക്കാൻ ഒരുപായം കണ്ടെത്തിയതുമാവാം. എന്നു തീർത്തു പറയാൻ വയ്യ. ഒരു കണക്കിനു ഞാനല്ലേ കുറ്റക്കാരൻ? അവളെപ്പോലൊരു സുന്ദരി എത്ര കാലമാണു വിധവയായി കഴിയുക? ഒരു ഭർത്താവിന്റെ സംരക്ഷണം അവൾക്കും വേണ്ടേ? എന്നാലും രണ്ടു മക്കളുള്ള അവൾ ഇങ്ങനെ ചെയ്യാമായിരുന്നോ? സ്ത്രീകളുടെ സ്വഭാവം പൊതുവെ ചപലമാണ്. എന്നെയിനി കണ്ടെത്താനാവില്ലെന്ന് അവൾ കരുതുന്നുണ്ടാവണം. ഏതായാലും അവിടെ ചെല്ലുമ്പോൾ വാസ്തവം അറിയാമല്ലൊ. രാജാവിന്റെ ഇഷ്ടം നടക്കും, എന്റെ കാര്യവും സാധിക്കാം.

ഇങ്ങനെ ചിന്തിച്ചു കൊണ്ടു ബാഹുകൻ പറഞ്ഞു: ഞാനേറ്റു മഹാരാജാവേ. അങ്ങയെ ഒരു ദിവസം കൊണ്ടു ഞാൻ വിദർഭത്തിലെത്തിച്ചുകൊള്ളാം.

ബാഹുകൻ കുതിരാലയത്തിൽ ചെന്നു ലക്ഷണമൊത്ത നാലു കുതിരകളെ തിരഞ്ഞെടുത്തു രഥത്തിൽ പൂട്ടി.



അങ്ങു പറഞ്ഞ കണക്കു കൃത്യമാണോ എന്നെനിക്കറിയണം കുറച്ചു സമയം നില്ക്കണേ. അതല്ല ധൃതിയാണെങ്കിൽ അങ്ങു വാർഷ്ണേയനെയും കൂട്ടി പൊയ്ക്കൊള്ളുക.

അതിവേഗതയുള്ള അവ മെലിഞ്ഞ് ഉയരം കൂടി നെറ്റിയിലും മറ്റും ചുഴികളോടു കൂടിയ സൈന്ധവാശ്വങ്ങളായിരുന്നു.

കുതിരകളെ കണ്ടപ്പോൾ ഋതുപർണനു നല്ല ബോധ്യം വന്നില്ല. ഈ എല്ലൻ കുതിരകളെയാണോ, ബാഹുകാ നീ തെരഞ്ഞെടുത്തിരിക്കുന്നത്? ഇവറ്റകൾക്ക് എന്നെ വിദർഭത്തിലെത്തിക്കാൻ കഴിയുമോ?

അപ്പോൾ ബാഹുകൻ പറഞ്ഞു:

മഹാരാജാവേ, നെറ്റിയിലൊന്നും തലയിൽ രണ്ടും പിന്നെ രണ്ടു വീതം പള്ളകളിലും മാറത്തു രണ്ടും ഒന്നു നീളത്തിൽ പുറത്തുമായി പത്തു ചുഴികളുള്ള ഈ അശ്വങ്ങളാണു ലക്ഷണമൊത്തവ. അതല്ല വേറെ മതിയെന്നുണ്ടെങ്കിൽ അങ്ങയുടെ അഭിപ്രായം അനുസരിച്ചു ചെയ്യാം.

വേണ്ട, വേണ്ട ബാഹുകാ, നീയാണ് അശ്വഹൃദയജ്ഞാനി. നിനക്കറിയും പോലെ ആർക്കും കുതിരകളെ അറിയാനാവില്ല. വേഗം ബന്ധിക്കൂ, പുറപ്പെടൂ, ഋതുപർണൻ കല്പിച്ചു.

രാജാവു തേരിൽ കയറി. ബാഹുകൻ കടിഞ്ഞാൺ കൈയിലെടുത്തു. കൂട്ടിനു വർഷ്ണേയനെയും തേരിൽ കയറ്റി. കടിഞ്ഞാൺ വലിച്ചതോടെ കുതിരകൾ കുതിച്ചുപാഞ്ഞു. അതിവേഗം കൊണ്ടു രഥം ആകാശത്തിലൂടെ പായുകയാണെന്നു തോന്നി. മരങ്ങളും മലകളും കാടുംമേടുമെല്ലാം നിമിഷങ്ങൾക്കുള്ളിൽ പിറകോട്ടുപായുംപോലെ. മിന്നൽ

വേഗത്തിൽ കുതിരകൾ പാഞ്ഞു പോവുകയാണ്.

ബാഹുകന്റെ അശ്വജ്ഞാനം വാർഷ്ണേയനെ അത്ഭുതപ്പെടുത്തി. അയാൾ ചിന്തിച്ചു: ഇവനാര്, ദേവേന്ദ്രന്റെ സാരഥി മാതലിയോ? അതല്ല, അശ്വശാസ്ത്രമുണ്ടാക്കിയ ആചാര്യൻ ശാലിഹോത്രൻ തന്നെയോ? പക്ഷേ, ശരീരം കണ്ടിട്ട് അങ്ങനെയൊന്നും തോന്നുന്നില്ല. കേവലം മനുഷ്യൻതന്നെ. അതല്ല, ഇനി നളമഹാരാജാവു തന്നെയാണെന്നു വരുമോ? അശ്വഹൃദയവിദ്യയിൽ അദ്ദേഹത്തെ ജയിക്കാൻ മനുഷ്യരാരുമില്ലല്ലൊ. പ്രായം കൊണ്ടും ജ്ഞാനം കൊണ്ടും ഇവൻ നളനെപ്പോലെ തന്നെ. ശരീരസൗന്ദര്യവും ഉയരവും പോരാ. എന്നാലും മനസ്സു പറയുന്നു ഇവൻ നളനാണെന്ന്. ഛേ, അങ്ങനെയായിരിക്കില്ല. നളനു തുല്യനായ മറ്റൊരാളായിരിക്കും. വാർഷ്ണേയന്റെ ചിന്തകൾ കാടുകയറി.

ഋതുപർണ്ണനും ശ്രദ്ധിക്കുകയായിരുന്നു. എന്തൊരു വേഗത. ഇവനിൽ നിന്ന് അശ്വഹൃദയവിദ്യ എനിക്കു പഠിക്കണം. അദ്ദേഹം നിശ്ചയിച്ചു.

വായുവിലൂടെയെന്നതുപോലെ അവർ പാഞ്ഞുപോകുന്നതിനിടയിൽ ഋതുപർണ്ണന്റെ ഉത്തരീയം താഴെ വീണുപോയി. അപ്പോൾ ഋതുപർണ്ണൻ പറഞ്ഞു: ബാഹുകാ, നിർത്ത്, എന്റെ ഉത്തരീയം താഴെ വീണിരിക്കുന്നു. വർഷ്ണേയനിറങ്ങി അതു വേഗമെടുത്തു കൊണ്ടുവരട്ടെ.

അപ്പോൾ ബാഹുകൻ പറഞ്ഞു: ക്ഷമിക്കണം മഹാരാജാവേ. നമ്മൾ ഉത്തരീയം വീണിടത്തുനിന്ന് ഒരു യോജന ദൂരം പോന്നു കഴിഞ്ഞിരിക്കുന്നു. ഇനി മടങ്ങിച്ചെന്നെടുക്കുക എളുപ്പമല്ല.

ഇതു കേട്ടപ്പോൾ ബാഹുകൻ തന്നെ ചെറുതാക്കിയതായി ഋതുപർണ്ണനു തോന്നി. പോന്നദൂരം കൃത്യമായി അയാൾ കണക്കു കൂട്ടി പറഞ്ഞല്ലൊ. എങ്കിൽ തന്റെ സാമർത്ഥ്യം അയാളെ ഒന്നറിയിച്ചേ മതിയാവൂ-ഋതുപർണ്ണൻ നിശ്ചയിച്ചു.

വഴിയിൽ കണ്ട താന്നിമരത്തെ ചൂണ്ടിക്കാട്ടിക്കൊണ്ടു ഋതുപർണ്ണൻ പറഞ്ഞു: ബാഹുകാ, ഈ മരത്തിൽ എത്ര ഇലകളുണ്ട്, എത്ര കായ്കളുണ്ട് എന്നു ഞാൻ കൃത്യമായി പറയാം. കേട്ടോളൂ. താഴെ വീണു കിടക്കുന്ന ഇലകൾ നൂറ്റൊന്നെണ്ണം. അത്രയും തന്നെ കായും താഴെകിടപ്പുണ്ട്. രണ്ടു കൊമ്പുകളിലും കൂടി അഞ്ചുകോടി ഇലകളുണ്ട്. ആ കൊമ്പും ചില്ലകളുമെല്ലാം സൂക്ഷിച്ചുനോക്കുക. രണ്ടായിരത്തിതൊണ്ണൂറ്റഞ്ചു കായ്കൾ ആകെയുണ്ട്.

പെട്ടെന്നു ബാഹുകൻ തേരു നിർത്തി പറഞ്ഞു: രാജാവേ എനിക്കതു ബോധ്യം വരുന്നില്ലല്ലോ. ഞാനിവയെല്ലാം തല്ലിക്കൊഴിച്ച് എണ്ണിനോക്കട്ടെ. അങ്ങു പറഞ്ഞ ഇലകളുടെയും കായ്കളുടെയും എണ്ണം ശരിയാണോ എന്നുറപ്പു വരുത്താം. കുറച്ചുസമയത്തേക്കു കടിഞ്ഞാൺ വാർഷ്ണേയൻ പിടിക്കട്ടെ.

അതുകേട്ടു ഋതുപർണ്ണൻ സംഭ്രമചിത്തനായി. അതുവേണ്ട, അതുവേണ്ട. നമുക്കു നില്ക്കാൻ സമയമില്ല. തേരുവേഗം വിട്-ഋതുപർണ്ണൻ ധൃതി കൂട്ടി. ക്ഷമിക്കണം രാജാവേ- ബാഹുകൻ പറഞ്ഞു. അങ്ങു പറഞ്ഞ കണക്കു കൃത്യമാണോ എന്നെനിക്കറിയണം കുറച്ചു സമയം നില്ക്കണേ. അതല്ല ധൃതിയാണെങ്കിൽ അങ്ങു വാർഷ്ണേയനെയും കൂട്ടി പൊയ്ക്കൊള്ളുക.

അപ്പോൾ ഋതുപർണ്ണൻ ബാഹുകനെ സാന്ത്വനിപ്പിച്ചുകൊണ്ടു പറഞ്ഞു: ബാഹുകാ, നീയാണു യഥാർത്ഥ തേരാളി. നിന്നെക്കാൾ മിടുക്കനൊരാൾ ഇക്കാര്യത്തിൽ ഈ ലോകത്തെങ്ങുമില്ല. അശ്വഹൃദയജ്ഞാ, എത്രയും വേഗം വിദർഭയിലെത്താൻ ഞാൻ കൊതിക്കുന്നു. അക്കാര്യത്തിൽ നീയേ എനിക്കാശ്രയമുള്ളു. തടസ്സമുണ്ടാക്കരുത്. സൂര്യനുദിക്കും മുമ്പു നീ എന്നെ വിദർഭയിലെത്തിച്ചാൽ നീ ചോദിക്കുന്നതെന്തും ഞാൻ തരാം.

**ബൃഹദശ്വൻ അനുസ്മരിപ്പിച്ചു:**

**വിഷമാവസ്ഥിതം ദൈവേ**
**പൗരുഷേഽഫലതാം ഗതേ**
**വിഷാദയന്തി നാത്മാനം**
**സത്വോപാശ്രയിണോ നരാ:**

*(ദൈവം എതിരായി നില്ക്കുമ്പോൾ പൗരുഷം ഫലിക്കാതെ പോകും. ആത്മധൈര്യമുള്ളവർ ഇതോർത്തു വിഷാദിക്കുകയില്ല.)*

ബാഹുകൻ വീണ്ടും പറഞ്ഞു: താന്നിക്കയെണ്ണിക്കഴിഞ്ഞാൽ ഞാൻ ഉടൻതന്നെ അങ്ങയെ വിദർഭയിലെത്തിക്കാം.

അപ്പോൾ മനസ്സില്ലാമനസ്സോടെ ഋതുപർണ്ണൻ സമ്മതിച്ചു. പിന്നെ പറഞ്ഞു: എന്നാൽ കൊമ്പിലൊരുഭാഗം മാത്രം നീയെന്റെ വാക്കനുസരിച്ചെണ്ണുക. ബാക്കി ഞാൻ പറഞ്ഞു തരാം.

ബാഹുകൻ അങ്ങനെ ചെയ്തു. അതു കഴിഞ്ഞപ്പോൾ ആശ്ചര്യത്തോടെ പറഞ്ഞു: മഹാരാജാവേ, അങ്ങു പറഞ്ഞ കായ്കളുടെ എണ്ണം കൃത്യം തന്നെ. ഇതെന്തൊരത്ഭുതം. അങ്ങയുടെ വൈഭവം ആശ്ചര്യം തന്നെ. ഈ വിദ്യ എനിക്കും പഠിച്ചാൽ കൊള്ളാമെന്നുണ്ട്.

അക്ഷഹൃദയം അറിയുന്നവനാണു ഞാൻ-ഋതുപർണ്ണൻ പറഞ്ഞു.

എങ്കിൽ എനിക്ക് ഈ വിദ്യ പഠിപ്പിച്ചു തരിക. അശ്വഹൃദയം ഞാൻ അങ്ങേക്കും ഉപദേശിച്ചു തരാം. നളൻ പറഞ്ഞു.

അപ്പോൾ ഋതുപർണ്ണൻ നളന് അക്ഷഹൃദയവിദ്യ പറഞ്ഞുകൊടുത്തു. അതുൾക്കൊണ്ട നിമിഷം നളനെ ബാധിച്ചിരുന്ന കലി പുറത്തു ചാടി. കാർക്കോടക വിഷമേറ്റു വല്ലാതെ വിവശനായ കലി വികൃതരൂപനായിട്ടാണു വെളിയിൽ വന്നത്. പണിപ്പെട്ടു സ്വരൂപം വീണ്ടെടുത്ത ആ ദുരാത്മാവ് നളന്റെ മുമ്പിൽ പേടിച്ചു വിറച്ചു കൈകൂപ്പി യാചിച്ചു: നള മഹാരാജാവേ, പൊറുക്കണേ. അങ്ങേക്കു ഞാൻ മഹായശസ്സു സമ്മാനിക്കുന്നു. ഇന്ദ്രസേനന്റെ അമ്മ, അങ്ങയുടെ പതിവ്രതയായ പത്നി ദമയന്തി, മുമ്പെന്നെ ശപിച്ചിരുന്നു. പിന്നെ നാഗരാജാവിന്റെ വിഷമേറ്റു ഞാൻ രാപ്പകൽ ദഹിക്കുകയായിരുന്നു. ഇപ്പോൾ ഞാൻ നിന്നെ ശരണം പ്രാപിക്കുന്നു. എന്നെ ശപിക്കാതിരുന്നാൽ അങ്ങേക്കു സത്കീർത്തിയുണ്ടാകും. ഞാൻ മൂലമുണ്ടായ എല്ലാ ദോഷങ്ങളും ഒഴിഞ്ഞുപോകും.

അതു കേട്ടു നളൻ ശാന്തനായി. ഉടനെ കലി ഓടി താന്നിമരത്തിൽ കയറിയിരുന്നു. അന്നുമുതൽ താന്നിമരത്തിന് ഇതുമൂലം ദുഷ്കീർത്തിയുണ്ടായി. ജനങ്ങൾ അതിനെ നികൃഷ്ടമെന്നു കണക്കാക്കി.

കലി മറ്റുള്ളവർക്ക് അദൃശ്യനായതുകൊണ്ടു ഋതുപർണ്ണനും വാർഷ്ണേയനും സംഭവിച്ചതൊന്നുമറിഞ്ഞില്ല. നളൻ തേരിൽ കയറി അതിവേഗത്തിൽ കുതിരകളെ പായിച്ചു വിദർഭത്തിലേക്കു പോയി.

അവർ പോയിക്കഴിഞ്ഞപ്പോൾ കലി താന്നിമരത്തിൽ നിന്നിറങ്ങി തന്റെ വസതിയിലേക്കു പോയി. കലിവിമുക്തനായ നളൻ പൂർവാധികം ഉന്മേഷവാനായി. അദ്ദേഹത്തിന്റെ ചിന്തയും വികാരങ്ങളും സംശുദ്ധമായി. ബുദ്ധി തെളിഞ്ഞു പ്രഭാവശാലിയായി. രൂപം മാത്രം മാറ്റമില്ലാതെ തുടർന്നു.

*(തുടരും)*

# മോണ്ട്സെറാറ്റ് കരീബിയൻ കടലിന്റെ കഴുത്തിൽ ഒരു മാല


*സോഫ്രെയർ അഗ്നിപർവതം*

കിഴക്കൻ കരീബിയൻ കടലിലെ മാലപോലെ കിടക്കുന്ന ലെസർ ആന്റിലീസ് ദ്വീപുകളുടെ വടക്കൻ മേഖലയായ ലീവാർഡ് ദ്വീപുകളിലൊന്നാണു മോണ്ട്സെറാറ്റ്.


*റൂബൻ മീഡ്*

102 ച.കി.മീ ഓവർസീസ് ടെറിറ്ററിയാണിത്. ക്രൗൺ കോളനി ഓഫ് മോണ്ട്സെറാറ്റ് എന്നാണ് ഔദ്യോഗിക നാമം. ഇംഗ്ലീഷാണ് ഔദ്യോഗികഭാഷ. ഏറ്റവും ഒടുവിലത്തെ സെൻസസ് പ്രകാരം 5879 ആണു ജനസംഖ്യ. ഈസ്റ്റ് കരീബിയൻ ഡോളറാണ് ഔദ്യോഗിക കറൻസി.

1493ലാണു ക്രിസ്റ്റഫർ കൊളംബസ് ഇവിടെയെത്തിയത്. തുടർന്നു ദ്വീപ് സ്പാനിഷ് നിയന്ത്രണത്തിലായി. 1632ൽ ഇംഗ്ലീഷ് കോളനിയാവുകയും അയർലൻഡിലെ കത്തോലിക്ക കലാപകാരികളെ


*മോണ്ട്സെറാറ്റ് തലസ്ഥാനമായ പ്ലിമത്ത്*

ഇംഗ്ലീഷുകാർ ഇങ്ങോട്ടു നാടുകടത്തുകയും ചെയ്തു. 1871 മുതൽ 1958 വരെ ലീവാർഡ് കോളനിയുടെ ഭാഗമായാണു ബ്രിട്ടൻ ഈ ദ്വീപിനെ ഭരിച്ചത്. പിന്നീടു പ്രത്യേക ക്രൗൺ കോളനിയാക്കി.

സോഫ്രെയർ അഗ്നിപർവതം പൊട്ടിത്തെറിച്ച് 1995 ജൂലൈയിൽ തലസ്ഥാനമായ പ്ലിമത്തിന്റെ മൂന്നിൽ രണ്ടുഭാഗം നശിച്ചു. ഇന്നും ഇവിടെ ലാവാപ്രവാഹമുണ്ട്. ദ്വീപിലെ ഏറ്റവും പ്രധാന ടൂറിസ്റ്റ് ആകർഷണവും ഇതാണ്. സോഫ്രെയർ ദുരന്തത്തിനു മുൻപ് ഇവിടത്തെ ജനസംഖ്യ പതിമൂവായിരത്തോളമായിരുന്നു. എന്നാൽ ദുരന്തശേഷം എണ്ണായിരത്തോളം പേർ ഇവിടെനിന്നും പലായനം ചെയ്തു. അവരിൽ ഭൂരിപക്ഷവും അഭയം തേടിയതു ബ്രിട്ടണിലായിരുന്നു. 2002 മുതൽ മോണ്ട്സെറാറ്റുകാർക്കു ബ്രിട്ടീഷ് പൗരത്വം നല്കിവരുന്നു. എലിസബത്ത് രാജ്ഞിയാണു രാഷ്ട്രത്തലവൻ. രാജ്ഞി നിയോഗിക്കുന്ന ഗവർണറാണ് ഈ ചുമതല നിർവഹിക്കുന്നത്. ജനകീയ വോട്ടെടുപ്പിലൂടെ തിരഞ്ഞെടുക്കുന്ന അസംബ്ലിയുടെ നേതാവു മുഖ്യമന്ത്രിയാകുന്നു. ഇദ്ദേഹമാണു സർക്കാർ തലവൻ. നിലവിൽ റൂബൻ മീഡാണ് ഈ പദവി അലങ്കരിക്കുന്നത്. *


*മോണ്ട്സെറാറ്റിലെ നാടോടിനൃത്തം*



# യന്തിരൻ

**ജോൺ ജെ.പുതുച്ചിറ**

**ബാലനോവൽ-1**

എയർ ഇന്ത്യ വിമാനം നെടുമ്പാശ്ശേരി എയർപോർട്ടിൽ പറന്നിറങ്ങുന്നു. ആ വിമാനത്തിൽ അമേരിക്കയിൽ നിന്നും അവധിക്കു വരുന്ന ജോണിയും കുടുംബവും ഉണ്ട്. വാർധക്യസഹജമായ അവശതകൾ കാരണം ഇത്താക്കുചേട്ടനും അന്നാമ്മയും മകന്റെ കൂട്ടുകാരായ എസ്താപ്പാനെയും അന്ത്രയോസിനെയുമാണു ജോണിക്കുട്ടിയെ സ്വീകരിക്കാൻ വിമാനത്താവളത്തിലേക്ക് അയച്ചത്.

ജോണിക്കുട്ടിയും ഭാര്യയും മക്കളും എയർപോർട്ടിൽ നിന്നു പുറത്തേക്കു കടക്കുമ്പോൾ അവിടെ കൂട്ടുകാർ കാത്തു നില്പുണ്ടായിരുന്നു. വർഷങ്ങൾക്കുശേഷം കണ്ടുമുട്ടിയ ആഹ്ലാദത്തിൽ ജോണിക്കുട്ടി അവരെ ആലിംഗനം ചെയ്തു.

മഞ്ചാടിഗ്രാമം. അവിടെ ഒരു പുത്തൻ പണക്കാരന്റെ ഇടത്തരം വീട്.

ഇത്താക്കുചേട്ടനും അന്നാമ്മയും മകന്റെ വരവുംകാത്തു പൂമുഖവാതിൽക്കൽ തന്നെയുണ്ട്. അപ്പോഴാണു കാർ ഒരു ഇരമ്പലോടെ അവരുടെ മുന്നിൽ വന്നു നില്ക്കുന്നത്. ആ മാതാപിതാക്കൾ മകനെയും അവന്റെ കുടുംബാംഗങ്ങളെയും ആലിംഗനം ചെയ്തു. കൊച്ചുമക്കളുടെ കവിളിൽ വാത്സല്യപൂർവം ഉമ്മകൾ നല്കി.

ഞാൻ ഒരുമാസം നാട്ടിലുണ്ടാവും. നിങ്ങൾ ഇടയ്ക്കിടെ ഇതുവഴി വരണം. കൂട്ടുകാർ യാത്രപറയുമ്പോൾ ജോണിക്കുട്ടി അവരോടു പറഞ്ഞു.

തീർച്ചയായും. ജോണിക്കുട്ടി അമേരിക്കയിൽ പോയി രക്ഷപെട്ടെങ്കിലും ഞങ്ങളിപ്പോഴും തൊഴിലില്ലാക്കമ്പനിയായതുകൊണ്ടു ഞങ്ങൾ എപ്പോഴും ഇവിടെയൊക്കെത്തന്നെ ഉണ്ടാവും. എസ്തപ്പാനും അന്ത്രയോസും ഒരുപോലെ പറഞ്ഞു. അവർ യാത്രപറഞ്ഞു പിരിഞ്ഞു.

ജോണിക്കുട്ടിയും ബീനയും മക്കളും മാതാപിതാക്കളോടൊപ്പം വീടിനുള്ളിലേക്ക്. പിന്നെ എന്തുണ്ട് എന്റെ മക്കളേ, അമേരിക്കയിലൊക്കെ വിശേഷങ്ങൾ? ഇത്താക്കുചേട്ടനും അന്നാമ്മ ചേടത്തിയും കൊച്ചുമക്കളുടെ ചുറ്റിനും കൂടി.

അലനും റൂത്തിനും നാട്ടിൻപുറത്തുകാരായ ആ മുത്തശ്ശനോടും മുത്തശ്ശിയോടും ഒത്തിരിയൊത്തിരി വിശേഷങ്ങൾ പറയാനുണ്ടായിരുന്നു. താൻ ജനിച്ചുവളർന്ന വീടും നാടും ചങ്ങാതിമാരുമൊക്കെ ജോണിക്കുട്ടിയിലും ഒട്ടേറെ ഗൃഹാതുര സ്മരണകൾ ഉയർത്തി. ബീനയ്ക്കു മാത്രമാണ് ആ നാട്ടിൻപുറത്തെ ജീവിതം ഇഷ്ടപ്പെടാതെ വന്നത്.

ഭക്ഷണം ഒരുക്കിത്തരാൻ ഒരു വേലക്കാരി പോലും ഇല്ലെന്നതായിരുന്നു അവളുടെ പ്രധാന പരാതി. അതു ന്യായമായ കാര്യമാണെന്നു ജോണിക്കുട്ടിക്കും തോന്നി. ഇനി തങ്ങൾ അമേരിക്കയ്ക്കു മടങ്ങിക്കഴിഞ്ഞാലും ഇവിടെ വീട്ടുവേലയ്ക്ക് ഒരാൾ ഉണ്ടെങ്കിൽ



വൃദ്ധരായ തന്റെ അച്ഛനുമമ്മയ്ക്കും അതു വലിയൊരു തുണയാകും. അതു കൂട്ടുകാരായ എസ്തപ്പാനോടും അന്ത്രയോസിനോടും ജോണിക്കുട്ടി അവതരിപ്പിച്ചു.

അതിനെന്താ പത്രത്തിൽ ഒരു പരസ്യം കൊടുത്താൽ മതി. ഇഷ്ടം പോലെ ആൾക്കാരെ കിട്ടും.

കൊടുത്തു. ഒന്നല്ല രണ്ടു തവണ.എന്നിട്ടും വീട്ടുവേലക്ക് ഒരുത്തരെയും കിട്ടാനില്ല.

ഐഎഎസുകാരനെയോ ഐപിഎസുകാരനെയോ വേണമെങ്കിൽ ഒപ്പിച്ചുതരാം. ക്ഷേ, പതിനായിരം കൊടുത്താലും ഒരു വേലക്കാരിയെ കിട്ടാൻ അല്പം ബുദ്ധിമുട്ടാ. ഒടുവിൽ എസ്തപ്പാനും സമ്മതിച്ചു. എങ്കിലും തങ്ങളുടെ കൂട്ടുകാരനെ സഹായിക്കുന്നതിനു വേണ്ടി അന്ത്രയോസും എസ്തപ്പാനും കൂടി തങ്ങളുടെ നാട്ടിൻപുറത്തൊക്കെ ഒരു വേലക്കാരിയെ കിട്ടുമോയെന്ന് അന്വേഷിച്ചു നോക്കി.

നോ രക്ഷ. പതിനായിരം കൊടുത്താലും വീട്ടുവേലയ്ക്ക് ഒരാളെ കിട്ടാനില്ലാത്ത കാലം.

അങ്ങനെ വിഷമിച്ചിരിക്കെയാണു പത്രത്തിൽ വന്ന കൗതുകകരമായ ഒരു വാർത്ത അന്ത്രയോസ്, ജോണിക്കുട്ടിയെ വായിച്ചു കേൾപ്പിച്ചത്. ജപ്പാൻകാർ റിമോട്ടുകൊണ്ടു നിയന്ത്രിക്കാവുന്ന റോബോട്ടുകളെ കണ്ടുപിടിച്ചിരിക്കുന്നുവത്രെ. റിമോട്ടിന്റെ സഹായത്താൽ വീട്ടുജോലികൾ വരെ ഇവരെക്കൊണ്ടു ചെയ്യിക്കാൻ കഴിയുമത്രെ.

എങ്കിൽ അതിനെ ഒരെണ്ണത്തിനെ മേടിച്ചിട്ടു തന്നെ കാര്യം. ഈ കേരളത്തിൽ ആദ്യം എത്തുന്ന 'റോബോട്ട് വേലക്കാരൻ' എന്റെ വീട്ടിൽ ആയിരിക്കും. ജോണിക്കുട്ടി പ്രഖ്യാപിച്ചു. പക്ഷേ, ജോണിക്കുട്ടിക്കു റോബോട്ടിനെ തിരക്കി നടക്കാനൊന്നും നേരമില്ല. കാരണം, അവന് അമേരിക്കയിലേക്കു മടങ്ങാൻ ഇനി രണ്ടോ മൂന്നോ ദിവസങ്ങൾ മാത്രം.

ജോണിക്കുട്ടി കൂട്ടുകാരനോടു പറഞ്ഞു: ഇതാ അഞ്ചുലക്ഷം രൂപ. നിങ്ങൾ ജപ്പാനിൽ ഒരു റോബോട്ടിന് എത്രയും പെട്ടെന്ന് ഓർഡർ കൊടുക്കുക. ഞങ്ങൾ അമേരിക്കയ്ക്കു പോയിക്കഴിഞ്ഞാലും അച്ചായനും അമ്മച്ചിക്കും ഒരു കൂട്ടായിട്ട് അതിവിടെ ഉണ്ടാവണം. തുക തികഞ്ഞില്ലെങ്കിൽ പറഞ്ഞാൽമതി.

എസ്തപ്പാനും അന്ത്രയോസും ആ തുക സന്തോഷത്തോടെ കൈപ്പറ്റി. എത്രയും പെട്ടെന്നു ജപ്പാനിൽ നിന്ന് ഒരു റോബോട്ടിനെ നാട്ടിലെത്തിക്കുന്ന കാര്യം അവർ ഏറ്റു.

*(തുടരും)*

# കഴുകക്കുഞ്ഞിന്റെ പരിശീലനം

ടി.കെ.മാറിയിടം

കഴുകൻ എന്ന പക്ഷിക്കു ചില സവിശേഷതകളുണ്ട്. അതിനു മേഘങ്ങൾക്കു മുകളിൽ പറക്കാൻ കഴിയും.അങ്ങനെ ചിറകുകൾ നനയാതെ സൂക്ഷിക്കാം. അടുത്തത് അതിന്റെ കുഞ്ഞുങ്ങളെ വളർത്തുന്ന രീതിയാണ്. നദീതീരങ്ങളിൽ ഉയരമുള്ള മരങ്ങളിലാണു കഴുകൻ കൂടുവയ്ക്കുന്നത്. ധാരാളം ചുള്ളിക്കമ്പുകൾ അടുക്കി മെനഞ്ഞ വലിയ കൂട്. അതിൽ ഒന്നു മുതൽ മൂന്നു വരെ മുട്ടകളുണ്ടാകും. മാതൃ, പിതൃ പക്ഷികൾ മാറി മാറി അടയിരിക്കും.



ദിവസങ്ങൾക്കു ശേഷം വിരിഞ്ഞു പുറത്തുവരുന്നതു മിക്കവാറും രണ്ടു കുഞ്ഞുങ്ങൾ. വലിയൊരു പെൺകുഞ്ഞും, ചെറിയ ആൺകുഞ്ഞും. ചിലപ്പോൾ വലിയ കുഞ്ഞു ചെറുതിനെ കൊത്തിക്കൊന്നേക്കാം. അതു തടയാൻ മാതാപിതാക്കൾ ശ്രമിക്കാറില്ല! ഇങ്ങനെ സംഭവിച്ചാൽ ശേഷിക്കുന്നത് ഒരു കുഞ്ഞ്. കൊന്നില്ലെങ്കിലോ? രണ്ടു കുഞ്ഞുങ്ങൾ.



അർഹതയുള്ളവയുടെ അതിജീവനം എന്നു പ്രകൃതി നിയമം. ആൺ പക്ഷി പുറത്തുപോയി ഇരയെ കൊണ്ടുവന്നു ചെറുതുണ്ടുകളാക്കി കുഞ്ഞുങ്ങൾക്കു കൊടുക്കും. അവ ആർത്തിയോടെ കൊത്തി വിഴുങ്ങും. നാലഞ്ചുദിവസംകൊണ്ടു കുഞ്ഞു (ങ്ങൾ) ഒരു പൗണ്ട് (അരകിലോഗ്രാമിൽ കുറവ്) വരെ തൂക്കംവയ്ക്കും. തുടർച്ചയായ ഭക്ഷണം, അതിവേഗം വളർച്ചയും. രണ്ടാഴ്ചകൊണ്ടു തല ഉയർത്തി പിടിക്കാറാകും. മൂന്നാഴ്ച കൊണ്ട് ഒരടി ഉയരം വയ്ക്കും. നാലാഴ്ചയാകുമ്പോൾ കിട്ടിയ ഇരയെ സ്വയം കൊത്തിക്കീറി ചെറുതാക്കി തിന്നാനുള്ള കരുത്താർജിക്കും. ശരീരം തൂവലുകളാൽ പൊതിയപ്പെടുന്നു. ആറാഴ്ചയോടെ മാതാപിതാക്കളുടെയത്രയും വലുപ്പമാകുന്നു. ചിറകുകൾക്കു ബലം ലഭിക്കുന്നു. അങ്ങനെ ഏഴാമത്തെ ആഴ്ചയിലെത്തി. തൂക്കവും വണ്ണവും ആവശ്യത്തിലധികം!

ഇനി തടി കുറയ്ക്കണം. ശരീരം ഒതുങ്ങണം. എങ്കിലേ പറക്കാൻ കഴിയൂ. ഈ ഘട്ടത്തിൽ മാതാപിതാക്കൾ അകന്നു മാറുന്നു. ആഹാരം കൊണ്ടുവരവും നിലയ്ക്കുന്നു. കുഞ്ഞു(ങ്ങൾ) പട്ടിണിയിൽ...ആശ്രയം കൂട്ടിലെ ആഹാരാവശിഷ്ടങ്ങൾ മാത്രം. ശരീരം മെലിയുന്നു, തൂക്കം കുറയുന്നു. അങ്ങനെ ദിനങ്ങൾ നീങ്ങുമ്പോൾ കാലുകൾക്കു ബലവും ചിറകുകൾക്കു കരുത്തും വർധിച്ചു. അവ ആഹാരം തേടി കൂട്ടിൽ ഓടി നടക്കുന്നു. അപ്പോൾ തള്ളപ്പക്ഷി കൂടിനു മുകളിൽ വട്ടമിട്ടു പറക്കുന്നു. കാലിൽ ഒരു എലിക്കുഞ്ഞോ മുയൽക്കുഞ്ഞോ ഉണ്ടാകും.

അതു കാണുന്ന പക്ഷിക്കുഞ്ഞ് ആർത്തിയോടെ മുകളിലേക്കു ചാടുന്നു. ഇരയെ എത്തിപ്പിടിക്കാനായുന്നു!... തള്ള പിടികൊടുക്കു

ന്നില്ല. കുഞ്ഞു ശ്രമം തുടരുന്നു. ഇരയെ മാത്രം ശ്രദ്ധിച്ചു കൂടിന്റെ വക്കിലെത്തുന്ന പക്ഷിക്കുഞ്ഞു മറ്റൊന്നും ഓർക്കാതെ മുകളിലേക്കു ചാടുന്നു. കാൽ വഴുതി താഴേക്ക്... വായുവിലൂടെ ഒഴുകിയൊഴുകി, പിടഞ്ഞ്,തിരിഞ്ഞ്, മറിഞ്ഞ്, അങ്ങനെ താഴേക്ക്.... ഈയവസരത്തിൽ അമ്മയും അച്ഛനും വെറുതെ കണ്ടിരിക്കുകയല്ല. അവ കുഞ്ഞുങ്ങൾക്കു കീഴിലൂടെ പക്ഷം വിരിച്ചു പറക്കുകയാണ്. കുഞ്ഞുങ്ങൾ നിലംപതിക്കരുത്. വീണെങ്കിൽ തങ്ങളുടെ ചിറകിന്മേൽ ആയിരിക്കണം. അതാണ് അവരുടെ ഉദ്ദേശ്യം. ഈ പതനയാത്രയിൽ അതിജീവനം രണ്ടു വിധത്തിലാണ്.



ബുദ്ധികൂർമതയുള്ള കുഞ്ഞ് ഈ ഒഴുക്കിനിടയിൽ ചിറകു നിവർത്തുന്നു. ആഞ്ഞടിക്കുന്നു. ഒരു നിമിഷം... അതിന്റെ നില നേരെയായി! കുഞ്ഞു ചിറകുകളിൽ ഒഴുകിത്തുടങ്ങുന്നു. അടുത്ത ചിറകടി, ശരീരം ലെവലിൽ നീങ്ങുന്നു! വീണ്ടും ചിറകടിക്കുന്നു. പക്ഷിക്കുഞ്ഞ് ഇതാ ഉയരങ്ങളിലേക്ക്! തളരുമ്പോൾ താഴോട്ടൊഴുകും. അപ്പോൾ ചിറകടിച്ചുയരും. അങ്ങനെയൊരു ജീവന്മരണ പോരാട്ടം! ഒടുവിൽ ഏതെങ്കിലും മരക്കൊമ്പിൽ ചെന്നുപറ്റും. അവിടെയിരുന്നു കിതച്ച്, ചുറ്റുംനോക്കി ലോകത്തെ കാണുന്നു. ഇതെല്ലാം വീക്ഷിക്കുന്ന മാതാപിതാക്കൾ സംതൃപ്തരാകുന്നു. ഇത്രയും മിടുക്കില്ലാത്ത കുഞ്ഞുങ്ങളോ?ചിറകിന്റെ ഉപയോഗമറിയാതെ കീഴ്മേൽ മറിഞ്ഞു മാതാപിതാക്കളുടെ ചിറകിന്മേൽ ശയിച്ചു കിതച്ചു, തളർന്നു, നിലത്തെത്തുന്നു.... അതിനും കഴിയാത്തവയോ? ഇത്രയൊക്കെ സൂക്ഷിച്ചിട്ടും കുഞ്ഞുങ്ങളിൽ നാല്പതു ശതമാനത്തോളം ആദ്യപറക്കലിൽ വീണു ചാകാറുണ്ടെന്നു ശാസ്ത്രജ്ഞന്മാർ പറയുന്നു. ഒരു നിമിഷത്തിന്റെ വ്യത്യാസത്തിൽ സംരക്ഷകരുടെ ചിറകിന്മേൽ അഭയം ലഭിക്കാതെ പോയവ.



ഇനി, രക്ഷപ്പെട്ട കുഞ്ഞുങ്ങളുടെ കാര്യം. മരക്കൊമ്പിൽ പറന്നു പറ്റുന്നതിനും നിലത്തു കിടന്നു കേഴുന്നതിനും സഹായം ആവശ്യമുണ്ട്. ആദ്യം വേണ്ടത് ആഹാരമാണ്. തറയിൽ കിടക്കുന്നതിനു ശത്രുക്കളിൽ നിന്നു സംരക്ഷണം കൂടി വേണം. തള്ളപ്പക്ഷി ഇരതേടി പോകുന്നു. കിട്ടിയ ഇരയെ കുഞ്ഞിനു (കുഞ്ഞുങ്ങൾക്ക്) കാണത്തക്കവിധം കുറച്ചകലെ കൊണ്ടുവന്നിടുന്നു. അപ്പോൾ, മരക്കൊമ്പിലുള്ളത് ഇരയുടെ സമീപം പറന്നെത്തുന്നു. തറയിൽ കിടക്കുന്നത് ഓടിയോ നിരങ്ങിയോ അതിനടുത്തെത്തുന്നു. ഇരയെ ആർത്തിയോടെ ഭക്ഷിക്കുന്നു. തുടർന്നു വിശ്രമം. നീങ്ങുന്ന ദിനരാത്രങ്ങൾ...... മാതാപിതാക്കളുടെ മേല്നോട്ടത്തിൽ പറക്കൽ പരിശീലനം, ഇരപിടുത്തം, വിശ്രമം... അങ്ങനെ നാലഞ്ചാഴ്ചകൊണ്ടു സ്വയം പര്യാപ്തതയിലേക്ക്.

ഇതു വേനൽക്കാലമാണ്. അടുത്ത ശൈത്യകാലത്തേക്കുകൂടി സഹായം വേണ്ടി വരും. അതിനായി രണ്ടു മൂന്നു കിലോമീറ്റർ ചുറ്റളവിൽ മാതാപിതാക്കളുടെ നിരീക്ഷണത്തിലായിരിക്കും കുഞ്ഞുങ്ങൾ. ഇങ്ങനെ അല്പകാലം കടന്നുപോകുന്നു. വേനലിനു പിന്നാലെ ശൈത്യം വരുന്നു. സംരക്ഷണം കൂടുതൽ വേണം. ഒരു സീസണിൽ അനേകം കഴുകദമ്പതികൾക്കു ജനിച്ച കുഞ്ഞുങ്ങൾ ആ പ്രദേശത്തുണ്ടാകും. അവയെ മുഴുവൻ പങ്കെടുപ്പിച്ചു കഴുകന്മാരുടെ ഒരു സംഘംചേരൽ ഈ കാലയളവിൽ നടത്തും. കുഞ്ഞുങ്ങൾ മുതിർന്നവയെ നോക്കി ജീവിതം പഠിക്കാനുള്ള അവസരം. ഇങ്ങനെ ഇരുപത് ആഴ്ചയോളം (അഞ്ചുമാസം) കടന്നുപോയി, ഇനിയോ?

കുഞ്ഞേ നീ പറക്കപറ്റിയിരിക്കുന്നു. ആകാശവിശാലതയും ഭൂമിയിലെ സമൃദ്ധിയും ഇപ്പോൾ നിന്റേതാണ്. ഇനി, നിനക്കു ഞങ്ങളെ ആവശ്യമില്ല. ഇവിടെ വെച്ചു നമുക്കു പിരിയാം... ◈

# മലയാളികളെ സ്വപ്നം കാണാൻ അനുവദിക്കൂ



*"സ്വപ്നങ്ങൾ സ്വപ്നങ്ങളേ*
*നിങ്ങൾ സ്വർഗകുമാരികളല്ലോ*
*നിങ്ങളീഭൂമിയിൽ*
*ഇല്ലായിരുന്നെങ്കിൽ*
*നിശ്ചലം ശൂന്യമീലോകം*
*സ്വപ്നങ്ങൾ സ്വപ്നങ്ങളേ..."*

ഗാനഗന്ധർവൻ യേശുദാസിന്റെ മാസ്മരശബ്ദത്തിലൂടെ മലയാളികളുടെ മനസ്സിൽ പച്ചകുത്തപ്പെട്ട, വയലാറിന്റെ ആ വരികൾ എത്രയോ വലിയ ലോകസത്യത്തെയാണ് ഉൾക്കൊള്ളുന്നത്. സ്വപ്നങ്ങൾ ഇല്ലായിരുന്നെങ്കിൽ ഈ ഭൂമി എത്രയോ നിശ്ചലവും ശൂന്യവുമായിപ്പോകുമായിരുന്നു. മനുഷ്യജീവിതം എത്രയോ വിരസമാകുമായിരുന്നു. യഥാർത്ഥത്തിൽ സിനിമയെന്ന കലാരൂപത്തെ സംബന്ധിച്ചും മനുഷ്യജീവിതത്തിൽ സ്വപ്നങ്ങൾക്കുള്ള ഈ സ്ഥാനം തന്നെയല്ലേ ഉള്ളത്.

എന്നാൽ, കഴിഞ്ഞ ഏതാനും വർഷങ്ങളായി മലയാളസിനിമയ്ക്കു നേരിടേണ്ടിവന്നുകൊണ്ടിരിക്കുന്നതെന്നു പറയുന്ന 'പ്രതിസന്ധി' അതിന്റെ ഏറ്റവും രൂക്ഷവും പ്രകടവുമായ ഘട്ടത്തിലാണുള്ളത്. രണ്ടു മാസമായി 'മലയാളസിനിമാ ബന്ദായിരുന്നു' എന്നു തന്നെ പറയാം. ഈ സാഹചര്യം മലയാളസിനിമാ ആസ്വാദകരുടെ മനസ്സിൽ, മേൽസൂചിപ്പിച്ച ശൂന്യത തന്നെയാണു രൂപപ്പെടുത്തിയത്.

സിനിമാസംവിധായകരായാലും നിർമാതാക്കളായാലും തിരക്കഥാകൃത്തുക്കളായാലും ഗാനരചയിതാക്കളായാലും അഭിനേതാക്കളായാലും മറ്റു സാങ്കേതിക, അനുബന്ധപ്രവർത്തകരായാലും സിനിമ എന്ന കലാമാധ്യമത്തോടുള്ള പ്രണയവും അഭിനിവേശവും കൊണ്ടാണ് അവർ ഈ മേഖലയിലേക്കു കടന്നുവന്നിട്ടുള്ളത് എന്നു വ്യക്തം. അതൊരു ഉപജീവന മാർഗമാണെന്നതു രണ്ടാമത്തെ മാത്രം കാര്യവും. ഈ ഓരോ വിഭാഗം ആളുകൾക്കും അവരുടേതായ പ്രശ്നങ്ങളും പരാതികളുമൊക്കെ ഉണ്ടായിരിക്കും. എങ്കിൽ തന്നെയും സിനിമ എന്ന കലാരൂപത്തിന്റെ നിലനില്പിന് ഏറ്റവും വലിയ അടിസ്ഥാനഘടകമായ പ്രേക്ഷകസമൂഹത്തോടു സിനിമാപ്രവർത്തകർക്ക് ഒരു കടമയുണ്ട്. പൊതുഖജനാവിൽ നിന്നു സർക്കാർ ജീവനക്കാർക്കു കൊടുക്കുന്നതുപോലെ സിനിമാപ്രവർത്തകർക്കു ശമ്പളമൊന്നും കൊടുക്കുന്നില്ലെങ്കിൽകൂടിയും.

കലാമൂല്യമുള്ള, പ്രേക്ഷകരെ ചിന്തിപ്പിക്കുകയും രസിപ്പിക്കുകയും ചെയ്യുന്ന സിനിമകൾ ആവശ്യാനുസരണം അവർക്കുമുന്നിലെത്തിക്കുക എന്നതാണ് ആ കടമ. അതു സിനിമാപ്രവർത്തകരുടെ അലിഖിതമായ ഒരു ഉത്തരവാദിത്വവും പ്രേക്ഷകരുടെ അലിഖിതമായ ഒരു അവകാശവുമാണ്. മലയാളസിനിമ അഭിമുഖീകരിക്കുന്ന പ്രതിസന്ധിയെന്തെന്നു നൂറുപേരോടു ചോദിച്ചാൽ അവരിൽ നിന്നും നൂറു വിശദീകരണങ്ങൾ ലഭിക്കും. എന്നാൽ, മലയാള സിനിമാരംഗം ഓജസ്സോടെ നിലനില്ക്കണം എന്നതു സംബന്ധിച്ച് അവർക്ക് ഏകസ്വരമായിരിക്കും.

നമുക്കു ചിരിക്കാനും ചിന്തിക്കാനും ആസ്വദിക്കാനും കാര്യങ്ങൾ ഉൾക്കൊള്ളാനും ശരിയായ രീതിയിൽ കഴിയുന്നതു മാതൃഭാഷയിൽ മാത്രമാണ് എന്നത് ഒരു വസ്തുതയാണ്. ആ നിലയിൽ മലയാളിക്ക് ഏറ്റവും കൂടുതൽ ആസ്വാദ്യമായിട്ടുള്ളതു മാതൃഭാഷയായ മലയാളത്തിലുള്ള ചിത്രങ്ങളാണ്. അന്യഭാഷാചിത്രങ്ങൾ ഇവിടെ റെക്കോർഡു കളക്ഷൻ നേടുന്നുണ്ടല്ലോ എന്ന വാദമുന്നയിക്കുന്നവരുണ്ട്. മലയാളസിനിമാ ആസ്വാദകലക്ഷങ്ങളുടെ മനസ്സിന്റെ താത്ക്കാലിക തൃപ്തിപ്പെടലുകളാണ് ആ കളക്ഷനുകളുടെ സൃഷ്ടിക്കു കാരണം.

പ്രശ്നങ്ങളെല്ലാം ഒഴിവാക്കി മലയാളസിനിമയെ വസന്തത്തിലേക്കു മടക്കിക്കൊണ്ടുവരാൻ സർഗധനരായ നമ്മുടെ സിനിമാപ്രതിഭകൾക്കു കഴിയേണ്ടതാണ്. മലയാളികളെ മാതൃഭാഷയിൽ സ്വപ്നം കാണാൻ അനുവദിക്കൂ. സിനിമ നിലച്ചുപോയാൽ ഇവിടെ ഒന്നും സംഭവിക്കില്ലെന്നും അതൊരു അവശ്യഘടകമൊന്നുമല്ലല്ലോ എന്നും പറയുന്നവർ തുലോം കുറവല്ല. അവർക്കുള്ള മറുപടി തുടക്കത്തിലുള്ള വയലാറിന്റെ വരികൾ തന്നെ.

# മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമിക്കാൻ ആരുടെയും മുന്നിൽ യാചിക്കേണ്ട കാര്യമില്ല

**കെ.എം.മാണി**





കേരളത്തിനു സ്വന്തമായ മുല്ലപ്പെരിയാറിൽ അപകടത്തിലായ ഡാം പൊളിച്ചു നീക്കി പുതിയ ഡാം നിർമിക്കാൻ മറ്റാരുടെയും മുന്നിൽ യാചിച്ചു നില്ക്കേണ്ട ആവശ്യം സംസ്ഥാനത്തിനില്ലെന്നും പുതിയ ഡാമിന്റെ ഭൂമി പൂജയ്ക്കു സമയം അതിക്രമിച്ചതായും കേരളാ കോൺഗ്രസ് (എം) ചെയർമാൻ, ധനമന്ത്രി കെ.എം.മാണി പറഞ്ഞു. കേരളാ കോൺഗ്രസ് (എം) വയനാട് ജില്ലാക്കമ്മിറ്റി സുൽത്താൻ ബത്തേരിയിൽ പണികഴിപ്പിച്ച ഓഫീസും പാർട്ടി ജില്ലാ പ്രവർത്തക സമ്മേളനവും ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. തമിഴ്നാട്ടുകാർ നമ്മുടെ സഹോദരങ്ങളാണ്. ഭാരതത്തിന്റെ അഖണ്ഡതയെ ബഹുമാനിക്കുന്നവരാണു നമ്മൾ കേരളീയർ. മുല്ലപ്പെരിയാർ സംബന്ധിച്ചു കേരളം ഉന്നയിച്ച ആശങ്ക സത്യവും ന്യായവുമാണ്. എന്നാൽ, അതു ഗൗനിക്കാത്ത തമിഴ്നാട് ഭരണകൂടമാണു പ്രശ്നത്തെ ഗുരുതരമാക്കുന്നത്. കേന്ദ്രസർക്കാർ അടിയന്തിരമായി ഇടപെട്ടു കേരളത്തിലെ 40 ലക്ഷം പേരുടെ ജീവൻ അപകടകരമായ സ്ഥിതിയിൽ നിന്നും രക്ഷിക്കണമെന്നും കെ.എം.മാണി ആവശ്യപ്പെട്ടു. ജില്ലാ പ്രസിഡണ്ട് കെ.ജെ.ദേവസ്യ അധ്യക്ഷത വഹിച്ചു. ജോയി ഏബ്രഹാം, പി.സി.ജോസഫ്, തോമസ് ഉണ്ണിയാടൻ എംഎൽഎ, ജോസ് കൈതമറ്റം, കെ.എം.ദേവസ്യ, ജോസ് തലച്ചിറ, രാജൻ പൂതാടി, വി. ജോൺജോർജ്, കെ.എ.ആന്റണി, കെ.ഐ.മാത്യു, ടി.എസ്.ജോർജ്, എ.വി.മത്തായി, കെ.പി.ജോസഫ്, ജോർജ് കീപ്പനശ്ശേരി, ഐ.സി.ചാക്കോ, ജോസഫ് മാണിശ്ശേരി, ടി.എൽ.സാബു, കെ.വി.സണ്ണി, പി.ടി.മത്തായി, ഐ.സി.ചാക്കോ, ജോസഫ് കളപ്പുര, ജോസഫ് പൂതക്കുഴി, എ.ഇ.കുര്യൻ, അഡ്വ. ടി.ജെ. ആന്റണി, സണ്ണി മാത്യു എന്നിവർ പ്രസംഗിച്ചു. ☆

# പുത്തേട്ട് ആർക്കേഡ് ഉദ്ഘാടനം




*പുത്തേട്ട് ആർക്കേഡ് പാലായിൽ ധനമന്ത്രി കെ.എം.മാണി ഭദ്രദീപം തെളിച്ച് ഉദ്ഘാടനം ചെയ്യുന്നു. പ്രൊഫ.എൻ.ജയരാജ് എം.എൽഎ, മുനിസിപ്പൽ കൗൺസിലർ സാബു ഏബ്രഹാം, മോൻസ് ജോസഫ് എം.എൽഎ, വക്കച്ചൻ മറ്റത്തിൽ എക്സ് എം.പി, ജോസ് കെ.മാണി എം.പി, സർക്കാർ ചീഫ് വിപ്പ് പി.സി.ജോർജ്, മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ, മാർ ജോസഫ് കല്ലറങ്ങാട്ട്, പി.കെ.മാത്യു, ടി.കെ. ജോർജുകുട്ടി, അന്നമ്മ മാത്യു, പ്രൊഫ.പി.കെ.മാണി, ടോം മാത്യു പുത്തേട്ട്, കുര്യാക്കോസ് പടവൻ, സിബി മാത്യു പുത്തേട്ട് എന്നിവർ സമീപം.*

# വാർത്തകൾ

## മുല്ലപ്പെരിയാറിനുവേണ്ടി യൂത്ത് ഫ്രണ്ട് (എം) പദയാത്ര



കേരളത്തിലെ ലക്ഷക്കണക്കിനു ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായിരിക്കുന്ന മുല്ലപ്പെരിയാർ വിഷയത്തിൽ കേന്ദ്രസർക്കാർ മൗനം വെടിയണമെന്നും, മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമിച്ചു കേരള ജനതയെ രക്ഷിക്കണമെന്നുമാവശ്യപ്പെട്ടു കേരളാ യൂത്ത് ഫ്രണ്ട് (എം) കോട്ടയം ജില്ലാ പ്രസിഡണ്ട് സജി മഞ്ഞക്കടമ്പിൽ നയിക്കുന്ന 'മുല്ലപ്പെരിയാർ പദയാത്ര'യ്ക്കു വൈക്കത്തു വെച്ചൂരിൽ തുടക്കം കുറിച്ചു. സംസ്ഥാന പ്രസിഡണ്ട് ജോബ് മൈക്കിൾ പതാക കൈമാറി പദയാത്ര ഉദ്ഘാടനം ചെയ്തു. വൈക്കം നിയോജകമണ്ഡലം പ്രസിഡണ്ട് ജോയി ചെറുപുഷ്പം അധ്യക്ഷത വഹിച്ചു. കെ.എ.അപ്പച്ചൻ, പോൾസൺ ജോസഫ്, മൈക്കിൾ ജയിംസ്, പ്രിൻസ് ലൂക്കോസ്, സാജൻ തൊടുക, ഷോൺ ജോർജ്, രാജേഷ് വാളിപ്ലാക്കൽ, ബിജോയി പ്ലാത്താനം, ബോബൻ ടി.തെക്കേൽ, സണ്ണി പൊരുന്നക്കോട്, തോമസുകുട്ടി വട്ടേക്കാട്ട്, ബാബു മുക്കാല, ആന്റണി കളമ്പുകാടൻ എന്നിവർ പ്രസംഗിച്ചു. ☆

---

## ഭരണാധികാരികൾ ജനങ്ങളുടെ ഉത്കണ്ഠ മനസ്സിലാക്കണം

### മുണ്ടൂർ സേതുമാധവൻ



കേരളത്തിലെ നാലു ജില്ലകളിലെ ജനങ്ങളുടെ, മുല്ലപ്പെരിയാർ ഡാം സംബന്ധിച്ച ഉത്കണ്ഠ മനസ്സിലാക്കി തമിഴ്നാട്ടിലെയും കേന്ദ്രത്തിലെയും ഭരണാധികാരികൾ മനുഷ്യത്വത്തിന്റെ പേരിൽ തയ്യാറാകണമെന്നു പ്രമുഖ എഴുത്തുകാരൻ മുണ്ടൂർ സേതുമാധവൻ ആവശ്യപ്പെട്ടു. മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമിക്കണമെന്നാവശ്യപ്പെട്ടുള്ള ചപ്പാത്തിലെ ഉപവാസസമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കേരളാ കോൺഗ്രസ് (എം) പാലക്കാട് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഏകദിന ഉപവാസം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ജില്ലാ പ്രസിഡണ്ട് കെ.വി.മാണി അധ്യക്ഷത വഹിച്ചു. പാലക്കാട് ബിഷപ്പ് മാർ ജേക്കബ് മാനത്തോടത്ത് അനുഗ്രഹ പ്രഭാഷണം നടത്തി. കാളിദാസ് പുതുമന, ചേറ്റൂർ രാധാകൃഷ്ണൻ, വിലയോടി വേണുഗോപാൽ, മുരളി തറക്കാട്, പ്രൊഫ.മുരളി, ഡോ.പി.എസ്. പണിക്കർ, ഡോ. അൻവറുദ്ദീൻ, സുലൈമാൻ, കബീർ വെണ്ണക്കര, ഉണ്ണികൃഷ്ണൻ, നൈസ് മാത്യു, എം.ടി.ജോസഫ്, കുശലകുമാരൻ കെ, കെ.എം.വർഗീസ്, ബാലകൃഷ്ണൻ നായർ, തോമസ് ജേക്കബ്, ജോയ് കാക്കനാടൻ, രാമചന്ദ്രൻ നായർ, ജോസ് ഇളയച്ചൻകുളം, കെ.വി.സുദേവൻ, സ്റ്റാൻലി ജെയിംസ്, ടി.എം.മാത്യു, ജോയ് മ്യാലിൽ, ടി.കെ.മുഹമ്മദ്, തോമസ് പി.എസ്, തോമസ് ജോസ്, ജോബി ജോൺ, എം.പി.തമ്പി എന്നിവർ പ്രസംഗിച്ചു. ☆

# വാർത്തകൾ

## ഫ്രണ്ട്സ് ഓഫ് കുമരകം പ്രവർത്തനം തുടങ്ങി



*വികലാംഗനായ ലോട്ടറി തൊഴിലാളിക്കു ടൂവിലർ നല്കിക്കൊണ്ടു ഫ്രണ്ട്സ് ഓഫ് കുമരകത്തിന്റെ സാമൂഹ്യക്ഷേമ പദ്ധതി തോമസ് ചാഴികാടൻ എക്സ് എം.എൽഎ ഉദ്ഘാടനം ചെയ്യുന്നു.*

അടിസ്ഥാന വികസനം, കൃഷി, പരിസ്ഥിതി, ടൂറിസം, വിദ്യാഭ്യാസം, സാമൂഹികം എന്നീ മേഖലകളിലെ പ്രവർത്തനം ലക്ഷ്യമിട്ടു രൂപീകരിച്ച ഫ്രണ്ട്സ് ഓഫ് കുമരകത്തിന്റെ പ്രവർത്തനം ആരംഭിച്ചു. ഉദ്ഘാടന സമ്മേളനത്തോടനുബന്ധിച്ചു നിർധനരായ രോഗികൾക്കുള്ള ചികിത്സാസഹായ പദ്ധതി കുമരകം താലൂക്ക് ആശുപത്രിക്കു പ്രാഥമികാവശ്യങ്ങൾക്കുള്ള ജലവിതരണ പദ്ധതി എന്നിവയ്ക്കു തുടക്കം കുറിച്ചു. വികലാംഗനായ ലോട്ടറി തൊഴിലാളിക്കു ടൂവിലർ നല്കിക്കൊണ്ടു തോമസ് ചാഴികാടൻ എക്സ് എംഎൽഎ സാമൂഹ്യക്ഷേമ പദ്ധതി ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് ഷെയിൻ ജോസഫ് കാരക്കൽ അധ്യക്ഷത വഹിച്ചു. എ.കെ.ജോസഫ്, പുഷ്ക്കരൻ കുന്നത്തുചിറ, ഫിലിപ്പ് സ്കറിയ പെരുമ്പള്ളത്തുശ്ശേരിൽ, ജോയൻ പൗവത്ത്, ദീപക് ഒറവണക്കുളം, ജോജി പാണംപറമ്പിൽ, അബ്രഹാം തൊട്ടിച്ചിറ, സി.എം.ജോസ് ചേന്നാത്ത്, ഫിലിപ്പ് വില്ലൂത്തറ, സി.എം. മോനച്ചൻ, സജി പുൽകളം, ജോർജ് മാത്യു എന്നിവർ പ്രസംഗിച്ചു. ☆

## ജോഷി ഫിലിപ്പ് എഫ്.സി.ഐ ഡൽഹി കൂടിയാലോചനാ സമിതിയിൽ



ഫുഡ് കോർപറേഷൻ ഓഫ് ഇന്ത്യ (എഫ്.സി.ഐ) ഡൽഹി സംസ്ഥാനത്തിന്റെ കൂടിയാലോചനാ സമിതി അംഗമായി ജോഷി ഫിലിപ്പിനെ കേന്ദ്ര ഭക്ഷ്യപൊതുവിതരണ മന്ത്രാലയം നിയമിച്ചു. രണ്ടുവർഷത്തേക്കാണു നിയമനം. പ്രവാസി കേരളാ കോൺഗ്രസ് ഡൽഹി ഘടകം പ്രസിഡണ്ടാണ് അദ്ദേഹം.

ജോഷി ഫിലിപ്പിനെ കൂടാതെ അഞ്ചു പേരെക്കൂടി സമിതിയിലേക്കു നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. സമിതിയിലെ ഏക മലയാളിയാണദ്ദേഹം. കഴിഞ്ഞ ഇരുപതു വർഷത്തിലേറയായി ഡൽഹി മലയാളികൾക്കിടയിൽ സജീവമായി പ്രവർത്തിച്ചുവരുന്ന ജോഷി ഫിലിപ്പ്, വിവിധ സാമൂഹ്യ, സാംസ്കാരിക സംഘടനകളുടെ നേതൃസ്ഥാനത്തുണ്ട്. കുട്ടനാടു കായൽപുറം സ്വദേശിയാണു ജോഷി ഫിലിപ്പ്. ☆

## വേലായുധൻ പണിക്കശ്ശേരിക്കു ചരിത്ര പ്രതിഭപുരസ്കാരം



പ്രമുഖ ചരിത്ര പണ്ഡിതനായ വേലായുധൻ പണിക്കശ്ശേരിയെ ശ്രീനാരായണ സാഹിത്യ അക്കാദമിയുടെ ചരിത്ര പ്രതിഭാ പുരസ്കാരത്തിനായി തെരഞ്ഞെടുത്തു. പതിനായിരം രൂപയും ഫലകവും പ്രശസ്തി പത്രവുമടങ്ങുന്നതാണു പുരസ്കാരം. ഒക്കൽ ശ്രീനാരായണ ട്രെയിനിംഗ് കോളജ് ഓഡിറ്റോറിയത്തിൽ ചേർന്ന യോഗത്തിൽ വച്ചു ശ്രീനാരായണ സാഹിത്യ അക്കാദമി പ്രസിഡണ്ട് ഡോ. ഷൊർണൂർ കാർത്തികേയൻ പുരസ്കാരവും സമ്മാനിച്ചു. എസ്എൻഡിപിയോഗം പ്രസിഡണ്ട് ഡോ.എം.എൻ.സോമൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. വേലായുധൻ പണിക്കശ്ശേരി രചിച്ചതും ഡി.സി.ബുക്സ് പ്രസിദ്ധീകരിച്ചതുമായ 'കേരളത്തിലെ രാജവംശങ്ങൾ ' എന്ന ഗവേഷണ ഗ്രന്ഥത്തിന്റെ പ്രകാശനവും യോഗത്തിൽ നടന്നു. പ്രാചീന കേരളത്തിന്റെ ആയ്-ചേര-ഏഴിമല രാജവംശങ്ങൾ മുതൽ ആധുനികകാലം വരെയുള്ള 51 രാജവംശങ്ങളെക്കുറിച്ചുള്ള സമഗ്രപഠനം ഉൾക്കൊള്ളുന്നതാണ് ഗ്രന്ഥം. സ്വാമിന് ജ്യോതിർമയി ദേവി, ഇ.വി.നാരായണൻ, സത്യൻ താന്നിപ്പുഴ, മുരളീധരൻ ആനാപ്പുഴ, സി.എസ്.തിലകൻ, എം.കെ.രാമചന്ദ്രൻ, ഈ.ആർ.ശാന്താകുമാരി എന്നിവർ ആശംസകൾ നേർന്നു. ☆



*കേന്ദ്രമാനവശേഷി മന്ത്രാലയത്തിന്റെ കമ്യൂണിറ്റി പോളിടെക്നിക് സ്കീമിന്റെ ഭാഗമായി സിസ്റ്റർ ഹിത്തൂങ്ങാ ഫൗണ്ടേഷൻ പുതുപ്പള്ളി ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഗാർമെണ്ട് മേക്കിംഗ് ആന്റ് എംബ്രോയിഡറി ട്രെയിനിംഗ് കോഴ്സ് കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് രാധാ വി.നായർ ഉദ്ഘാടനം ചെയ്യുന്നു. ഗ്ലോബൽ ജനറൽ സെക്രട്ടറി ടി.ഒ.ഏലിയാസ്, ഫൗണ്ടേഷൻ ചെയർപേഴ്സൺ സിസ്റ്റർ ഹാത്തൂങ്ങ് ഡോഗൻ, സജി കെ.വർഗീസ്, ജെസിമോൾ മനോജ്, ഷൈല സജി, ടി.കെ.മാത്യു, തോമസ് മാമ്മൻ, വർഗീസ് മത്തായി, സ്മിജു ജേക്കബ് എന്നിവർ സമീപം.*

# വാർത്തകൾ

## പമ്പാനദിയിലെ മണൽപുറ്റുകൾ നീക്കം ചെയ്യണം

### തോമസ് ഡാനിയേൽ



പമ്പാനദിയിൽ രൂപംകൊള്ളുന്ന മണൽപുറ്റുകൾ അടിയന്തിരമായി നീക്കം ചെയ്തു നദിയുടെ സ്വാഭാവിക നീരൊഴുക്കു നിലനിർത്താൻ ഗവൺമെണ്ട് സത്വരനടപടികൾ സ്വീകരിക്കണമെന്നു കേരളാ യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന ജനറൽ സെക്രട്ടറി തോമസ് ഡാനിയേൽ ആവശ്യപ്പെട്ടു. ജില്ലാ, ബ്ലോക്ക്, പഞ്ചായത്ത്, ഭരണസമിതികളുമായി ബന്ധപ്പെട്ടു ജലസംരക്ഷണം ഉറപ്പുവരുത്തുകയും ശുദ്ധജലം ലഭ്യമാക്കുവാൻ വാട്ടർ ട്രീറ്റുമെണ്ട് പ്ലാന്റുകൾ സ്ഥാപിക്കണമെന്നും അദ്ദേഹം പറഞ്ഞു. യൂത്ത് ഫ്രണ്ട് (എം) റാന്നി മേഖല കൺവെൻഷൻ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു തോമസ് ഡാനിയേൽ. ജില്ലാ പ്രസിഡണ്ട് സ്മിജു ജേക്കബിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സാംകുട്ടി അയ്യക്കാവിൽ, ആലിച്ചൻ ആറൊന്നിൽ, ഷാജി തേക്കാട്ടിൽ, സുരേഷ് കുമാർ അലക്സ് ളാഹയിൽ, പി.കെ. സജീവ്, മനു ജോൺ എന്നിവർ പ്രസംഗിച്ചു. ✩

## കഷ്ടത അനുഭവിക്കുന്നവരെ സമൂഹം സഹായിക്കണം

### കളക്ടർ പി.എം.ഫ്രാൻസിസ്



കഷ്ടത അനുഭവിക്കുന്നവരെ സഹായിക്കേണ്ടതു സമൂഹത്തിന്റെ കടമയാണെന്നു തൃശൂർ ജില്ലാ കളക്ടർ പിഎം. ഫ്രാൻസിസ് അഭിപ്രായപ്പെട്ടു. ജനസേവന മുന്നണിയുടെ ആഭിമുഖ്യത്തിൽ കുന്നംകുളം ഹയർ സെക്കണ്ടറി സ്കൂളിൽ നടത്തിയ സഹായ വിതരണം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. പ്രിൻസിപ്പൾ മല്ലിക അധ്യക്ഷത വഹിച്ചു. മദ്യവിരുദ്ധ സമിതി സംസ്ഥാന സെക്രട്ടറി സെബാസ്റ്റ്യൻ ചൂണ്ടൽ സമ്മാനദാനം നിർവഹിച്ചു. ടി.എൻ. കൊച്ചൗസേപ്പ്, സോമൻപിള്ള, മുകേഷ് ലാൽ, ജെബി, ടി.വി.ജോൺസൺ, ഗുരുജി ഗുരുവായൂർ, സി. ജെ.ഫ്രാൻസിസ് എന്നിവർ പ്രസംഗിച്ചു. ടി.എൻ. ഔസേപ്പ് ജില്ലാ കളക്ടറെ പൊന്നാടയണിയിച്ചു. ✩

## മദ്യവിരുദ്ധ പ്രവർത്തന അവാർഡ് ജേതാവ് സെബാസ്റ്റ്യൻ ചൂണ്ടലിനെ അനുമോദിച്ചു



മദ്യവിരുദ്ധ പ്രവർത്തനത്തിനുള്ള സംസ്ഥാന അവാർഡ് ലഭിച്ച കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയുടെ സംസ്ഥാന സെക്രട്ടറിയും, കേരളാ കോൺഗ്രസ് (എം) തൃശൂർ ജില്ലാ സെക്രട്ടറിയുമായ സെബാസ്റ്റ്യൻ ചൂണ്ടലിനു തൃശൂർ അതിരൂപതാ സഹായ മെത്രാൻ മാർ റാഫേൽ തട്ടിൽ അതിരൂപതയുടെ ഉപഹാരം നല്കി അനുമോദിച്ചു. അനുമോദനയോഗം ജസ്റ്റിസ് പയസ് സി. കുര്യാക്കോസ് ഉദ്ഘാടനം ചെയ്തു. വിവിധ മേഖലകളിൽ മികവു തെളിയിച്ചവരെ ആദരിക്കുന്ന തൃശൂർ അതിരൂപതയുടെ നിലപാടു സ്വാഗതാർഹവും അഭിനന്ദനാർഹവുമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. മോൺ.പോൾ പേരാമംഗലത്ത്, ഫാദർ റാഫേൽ അക്കമറ്റത്തിൽ, അഡ്വ. ബിജു കുന്നംകുളം എന്നിവർ പ്രസംഗിച്ചു. ✩

## പ്രവാസി കേരളാ കോൺഗ്രസ് ന്യൂഡൽഹി ഘടകം



*മുല്ലപ്പെരിയാർ ഡാം ഉയർത്തുന്ന ഭീഷണി ഒഴിവാക്കാൻ പുതിയ ഡാം ഉടൻ നിർമിക്കണമെന്നാവശ്യപ്പെട്ടു പ്രവാസി കേരളാ കോൺഗ്രസ് (എം) ഡൽഹി ഘടകം പ്രവർത്തകർ നടത്തിയ പാർലമെണ്ട് ധർണ. പ്രസിഡണ്ട് ജോഷി ഫിലിപ്പ്, ജനറൽ സെക്രട്ടറി ജോമോൻ വരമ്പേൽ, ജെന്നിംഗ്സ് ജേക്കബ്, ആന്റപ്പൻ എൻ.ജി, മാത്യു ഫിലിപ്പ്, തങ്കച്ചൻ ടി. എന്നിവർ മുൻനിരയിൽ.* ✩

# വാർത്തകൾ

## മുല്ലപ്പെരിയാർ പ്രശ്നത്തിൽ കേന്ദ്രസർക്കാർ ശക്തമായി ഇടപെടണം

**അഡ്വ.കെ.വി.മാണി**



നാല്പതു ലക്ഷം ജനങ്ങളുടെ ജീവന്റെ പ്രശ്നമായ മുല്ലപ്പെരിയാർ വിഷയം ദേശീയ പ്രശ്നമാണെന്നും അതിനാൽ കേന്ദ്രസർക്കാർ മൗനം വെടിഞ്ഞു ശക്തമായ ഇടപെടൽ നടത്തി ജനങ്ങളുടെ ഭീതി ഒഴിവാക്കണമെന്നും കേരളാ കോൺഗ്രസ് (എം) പാലക്കാട് ജില്ലാ പ്രസിഡണ്ട് അഡ്വ.കെ.വി.മാണി ആവശ്യപ്പെട്ടു. മുല്ലപ്പെരിയാർ സമരസമിതിക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു പാലക്കാടു സംഘടിപ്പിച്ച പൊതുസമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറിമാരായ അഡ്വ.ജോസ് ജോസഫ്, എം.ടി.ജോസഫ്, ജില്ലാ ജനറൽ സെക്രട്ടറി ജോബി ജോൺ, കെ.കുശലകുമാരൻ, എം.പി.തമ്പി, കെ.എം.വർഗീസ്, ടി.എം.മാത്യു, കൊച്ചുറാണി തോമസ് എന്നിവർ പ്രസംഗിച്ചു. ✩

## മുല്ലപ്പെരിയാർ പരിഹാരത്തിനു സമാധാനപരമായ പ്രക്ഷോഭം തുടരണം

**ഡോ.കെ.സി.ജോസഫ്**



മുല്ലപ്പെരിയാർ പ്രശ്നത്തിനു ശാശ്വത പരിഹാരം കണ്ടെത്തുവാൻ കക്ഷിരാഷ്ട്രീയത്തിന് അതീതമായി ബഹുജന സമ്മർദം തുടരണമെന്നും കേരളത്തെ മാത്രമല്ല ഇന്ത്യയെത്തന്നെ ബാധിക്കുന്ന പ്രശ്നമായി മുല്ലപ്പെരിയാർ വളർന്നു കഴിഞ്ഞ സാഹചര്യത്തിൽ കേന്ദ്രസർക്കാർ അടിയന്തിരമായി ഈ പ്രശ്നത്തിൽ ഇടപെടണമെന്നും കേരളാ കോൺഗ്രസ് (എം) സംസ്ഥാന കോ-ഓർഡിനേറ്റർ ഡോ.കെ.സി.ജോസഫ് ആവശ്യപ്പെട്ടു. ചപ്പാത്തിലെ ഉപവാസത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കേരളാ കോൺഗ്രസ് (എം) ആലപ്പുഴ ജില്ലാ കമ്മിറ്റി നടത്തിയ ഉപവാസം ആലപ്പുഴയിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേരളാ കോൺഗ്രസ് (എം) ജില്ലാ പ്രസിഡണ്ട് ജേക്കബ് തോമസ് അരികുപുറം അധ്യക്ഷത വഹിച്ചു. കെ.വർഗീസ്, എസ്. ഭാസ്കരൻ പിള്ള, വി.ടി.ജോസഫ്, അഡ്വ.ജേക്കബ് ഏബ്രഹാം, അഡ്വ.തോമസ് എം.മാത്തുണ്ണി, വി.സി.ഫ്രാൻസിസ്, ബേബി പാറക്കാടൻ, തോമസ് വേലിക്കകം, റോയി കോട്ടപ്പറമ്പൻ, ജോർജ് തത്തംപള്ളി, ജോസഫ് കെ.നെല്ലുവേലി,റോസമ്മ മാത്യു, തോമസ് കളരിക്കൽ, ജിജോ തോമസ്, എം.ജെ.ദേവസ്യ, മുരളി പര്യത്ത്, സിറിയക് കാവിൽ, ബിനു മുളക്കുഴ, റ്റിറ്റി എബ്രഹാം, സണ്ണി മണലേൽ, ഹുസൈൻ മണ്ണഞ്ചേരി, എസ്.ഗോപിനാഥൻ നായർ, എസ്. വാസുദേവൻ നായർ, അഡ്വ.ജോർജ് മാത്യു, സാബു തോട്ടുങ്കൽ, അഡ്വ.ഷിബു മണല, പി.ഡി.ജോസഫ്, തോമസ് കോര, തോമസ് കൊണ്ടോട്ടിക്കി, അഡ്വ.പ്രദീപ് കൂട്ടാല, നസീർ സലാം, അഡ്വ.ജോസഫ് മാത്യു, ജേക്കബ് ജി. എട്ടിൽ, ജോളി പോൾ, ഇ.ശ്രീദേവി, സാറാമ്മ ജോസഫ്, എൻ.അജിത് രാജ്, ഫില്ലമ്മ ജോസഫ്, തോമസ് വടക്കേക്കരി, ജോപ്പൻ ജോയി വാരിക്കാട്, വത്സമ്മ എബ്രഹാം, അന്നമ്മ പറമ്പത്തൂർ എന്നിവർ പ്രസംഗിച്ചു. ✩

## മുല്ലപ്പെരിയാർ വിഷയത്തിൽ തമിഴ്നാടിന് ഇനിയും കേരളം കീഴ്പ്പെടരുത്

**അഡ്വ.എ.ജെ.ജോസഫ്**



116 വർഷം പിന്നിട്ട, ഏതു സമയത്തും തകരാമെന്ന നിലയിലുള്ള മുല്ലപ്പെരിയാർ അണക്കെട്ടിനു പകരം പുതിയ അണക്കെട്ടു നിർമിക്കാത്തതു മാറി മാറി വന്ന സർക്കാരുകളുടെ അനാസ്ഥയും തമിഴ്നാട് സർക്കാരിന്റെ ഭീഷണിക്കു മുമ്പിലുള്ള കീഴ്പെടലും ആയിരുന്നു എന്നു കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി എ.ജെ.ജോസഫ് അഭിപ്രായപ്പെട്ടു.

40 ലക്ഷം ജനങ്ങളും ലക്ഷക്കണക്കിന് ഏക്കർ കൃഷിഭൂമിയും ഉൾപ്പെടെ സർവ്വവും നശിക്കുമെന്ന ഭീതിയിൽ കഴിയുന്ന ജനങ്ങളുടെ ആശങ്ക മാറ്റുവാൻ അടിയന്തിരമായി നടപടികൾ ഉണ്ടാകണം.

മുല്ലപ്പെരിയാർ സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ നടക്കുന്ന സമരപരിപാടികൾക്കു പിന്തുണ നല്കി കേരളാ കോൺഗ്രസ് (എം) കണ്ണൂർ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സ്റ്റേഡിയം കോർണറിൽ നടന്ന ഉപവാസ സമരം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

കേരളാ കോൺഗ്രസ് (എം) കണ്ണൂർ ജില്ലാ പ്രസിഡണ്ട് ജോയിസ് പുത്തൻപുര അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. മാത്യു കുന്നപ്പള്ളി, ജോയി കൊന്നയ്ക്കൽ, ജോസഫ് മുള്ളൻമട, ജോസ് നരിമറ്റം, കെ.ടി.സുരേഷ്കുമാർ, കെ.എ.ജോർജ്, സജി കുറ്റ്യാനിമറ്റം, മാത്യു ചാണയ്ക്കാട്ടിൽ, റോജസ് സെബാസ്റ്റ്യൻ, എസ്.എം.കെ.മുഹമ്മദലി, അന്നമ്മ അഗസ്റ്റ്യൻ, സാബു വെള്ളിമൂഴ, എൽസി, പ്രൊഫസർ ജോൺ ജോസഫ്, ഏലമ്മ ഇലവുങ്കൽ, തോമസ് മുത്തമല, എ.പി.ജോസഫ്, സിബി വാഴക്കാല എന്നിവർ പ്രസംഗിച്ചു. ✩

വ്യക്തിവിചാരം

# ജീവിതവിജയത്തിന്റെ പത്തു പാഠങ്ങൾ

ടോം ജോസ് അങ്കമാലി

ജീവിതവിജയം ആഗ്രഹിക്കാത്ത വ്യക്തികളില്ല. പക്ഷേ, അതെങ്ങനെ യാഥാർത്ഥ്യമാക്കും? അതിനു നമ്മൾ ആദ്യം നമ്മളെത്തന്നെ അറിയണം. അതെങ്ങനെയൊക്കെയെന്നാണു താഴെ വിവരിക്കുന്നത്.



**1. ബോധോദയം**

ഓരോ മനുഷ്യനിലും ഒരാളും (Individual) ഒരു വ്യക്തിയും (Person) ഉണ്ട്.

മനുഷ്യൻ തന്നിലെ വ്യക്തിയെ കണ്ടെത്തുന്നതു ബോധോദയം (തിരിച്ചറിവ്) ലഭിക്കുന്നതു വഴിയാണ്. ബോധോദയം ലഭിച്ചു കഴിയുന്നതോടെ സാമൂഹ്യമായും മാനസികമായും ആത്മീയമായും ഉള്ള വ്യക്തിത്വ വികസനത്തിലുള്ള വാതിലുകൾ തുറക്കപ്പെടും.

ബോധോദയത്തെക്കുറിച്ചു പറയുമ്പോൾ ബോധത്തിന്റെ മൂന്നു തലങ്ങൾ കൂടി അറിഞ്ഞിരിക്കണം.

a. യഥാർത്ഥബോധം (Real Awareness)

b. മഹാബോധം (Great Awareness)

c. അധമബോധം (Negative Awareness)

യഥാർത്ഥബോധം കൈവരിച്ചവൻ പെൻഡുലം പോലെയാവും ചലിക്കുക. അതായതു വലത്തോട്ടു. നന്മയിലേക്കു ചലിക്കും. അധമബോധത്തിനു വിധേയരായവൻ ഇടത്തോട്ടു തിന്മയിലേക്കു ചലിക്കും.

അധമബോധവും യഥാർത്ഥ ബോധവും കൂടി കലരുമ്പോൾ വലത്തോട്ടും ഇടത്തോട്ടും ചലിക്കും. മഹാബോധവുമായി സംസർഗത്തിൽ ഏർപ്പെടുന്നതു വഴി പുണ്യകർമങ്ങൾ ചെയ്യാൻ കഴിയും.

മനുഷ്യപ്രകൃതി ചഞ്ചലമായതുകൊണ്ട് എപ്പോഴും മഹാബോധവുമായി ചേർന്നു നില്ക്കാൻ കഴിയാതെ പോവും. അപ്പോൾ പിശകുകൾ പറ്റും. എല്ലാം ആപേക്ഷികമാണ് എന്ന തത്വം സ്വീകരിക്കുകയാണെങ്കിൽ നന്മയും തിന്മയും ഇടകലർന്നു വരുന്നതിൽ അഭിരുചി കാണിക്കേണ്ടതില്ല. തന്മൂലം ഒരു കാര്യത്തെക്കുറിച്ചും വാശിപിടിച്ചു സംസാരിക്കേണ്ടതില്ല.

പൂർണസത്യം, പൂർണ നന്മ, പൂർണ സൗന്ദര്യം എന്നതെല്ലാം ഈശ്വരന്റെ പര്യായങ്ങളാണ്. മനുഷ്യനൊരിക്കലും പൂർണത കൈവരിക്കാൻ പറ്റുകയില്ല.

**2. സമാരംഭക ചൈതന്യം**

സൃഷ്ടിപരമായ രീതിയിൽ പ്രതികരിക്കാൻ കഴിയുന്നവനേ നല്ല സംരംഭനാകുവാൻ കഴിയൂ. സംരംഭക ചൈതന്യം ഒരുവനു ജന്മനാൽ ലഭിക്കുന്നതാണെങ്കിലും അതിനെ ബോധപൂർവം വളർത്തിയെടുത്താൽ മാത്രമേ പ്രയോജനപ്പെടുത്താൻ കഴിയൂ. പ്രവർത്തിച്ചു മുന്നേറുമ്പോൾ എതിർപ്പുകൾ ഉണ്ടാവുക സ്വാഭാവികമാണല്ലോ. അപ്പോൾ നിഷ്ക്രിയത്വത്തിന്റെ ചെളിക്കുണ്ടിലേക്കു വീഴാതിരിക്കണമെങ്കിൽ പുതിയ വഴികൾ കണ്ടുപിടിച്ചു പ്രവർത്തിക്കാനുള്ള സംരംഭകശേഷിയുണ്ടായാലേ മതിയാകൂ. സർഗാത്മക ചൈതന്യത്തിന്റെ നീരൊഴുക്കുകൾ അടയാതെ സൂക്ഷിക്കുവാൻ തക്ക ഉണർത്തുവരികൾ ഒരുവന്റെ ഹൃദയത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.

**3. ആത്മവിശ്വാസം**

തെളിഞ്ഞ മുഖഭാവത്തോടെ തികഞ്ഞ ആത്മവിശ്വാസത്തോടെ ഉറച്ചശുഭാപ്തി വിശ്വാസത്തോടെ ഏതു വെല്ലുവിളിയെയും സ്വീകരിക്കുക. പ്രതിബന്ധങ്ങളെ മെരുക്കി നമ്മുടെ ഉയർച്ചക്കുള്ള ചവിട്ടുപടികളാക്കി മാറ്റുക.

**4. വശ്യമായ വ്യക്തിത്വം**

ബുദ്ധികൂർമതയും സൗന്ദര്യവും ആകാരസൗഷ്ഠവവും അധികാരവും പദവിയും ധനവും കീർത്തിയുമുണ്ടെങ്കിലും ഒരുവനു ജനത്തിന്റെ ആദരവും സമ്മതിയും ലഭിച്ചെന്നുവരില്ല. അതിനു വശ്യമായ വ്യക്തിത്വം

കൂടി വേണം. പ്രകൃത്യാ വശ്യതയുള്ളവർ അതിനെ തേച്ചുമിനുക്കിയാൽ മതി. ഇല്ലാത്തവർ അത് ആർജിക്കേണ്ടതുണ്ട്.

ശാരീരികവും മാനസികവും ആത്മീയവുമായ ഗുണങ്ങളുടെ സമന്വയത്തിൽ നിന്നാണു വശ്യത ഉരുത്തിരിയുന്നത്. ചാമിങ് പേഴ്സണാലിറ്റിയുള്ളവന് എവിടെയും അംഗീകാരം ലഭിക്കും. അത്തരക്കാരെ എല്ലാവരും സ്നേഹിച്ചാദരിക്കും.

### 5. ബൗദ്ധികമാനം (ഐ.ക്യൂ)

ജീവസംതൃപ്തിക്കു ബൗദ്ധികമാനം (ഇന്റലിജന്റ് കൗഷ്യന്റ്)ശാരീരിക മാനം (പി.ക്യൂ ഫിസിക്കൽ) വൈകാരിക ബുദ്ധിമാനം ( ഇ.ക്യൂ. ഇമോഷണൽ), ആത്മീയ ബുദ്ധിമാനം (എസ്.ക്യൂ സ്പിരിചൽ ) എന്നീ നാലു ഘടകങ്ങൾ വഴി ഒരുവനു സ്മാർട്നെസ് സമ്പാദിക്കാൻ കഴിയും.

ഇ.ക്യൂ. നിങ്ങളെ പക്വതയുള്ളവരാക്കാൻ സഹായിക്കും. എസ്.ക്യൂ വഴി നിങ്ങൾ പൂർണ സംതൃപ്തരാവും. കീഴെ ചെവിയോടു ബന്ധപ്പെട്ടു കിടക്കുന്ന മസ്തിഷ്കത്തിലെ സന്ധികൾക്കിടയിലാണു മാനസിക ബുദ്ധിമാനം (വിചാരപരവും വികാരപരവുമായത്) നിലകൊള്ളുന്നത്. ഇത്തരക്കാർക്കെപ്പോഴും പോസിറ്റീവായി പ്രതികരിക്കാൻ കഴിയും.

ബുദ്ധിപരമായ കാര്യത്തിൽ ഏറ്റക്കുറച്ചിലുണ്ടാവും. ഐ.ക്യൂ എല്ലാവരിലും ഒരു പോലെയല്ല. സൃഷ്ടിയിലെ വൈവിധ്യം തന്നെ ഇതിനു കാരണം



### 6. വാഗ്വാദം



വാഗ്വാദത്തിലേർപ്പെടുമ്പോൾ നയചാതുര്യവും വിനയവും കാണിക്കണം. നിർബന്ധബുദ്ധി കാണിക്കരുത്. എതിർപക്ഷത്തുള്ളവർക്കും ജയിക്കാനുള്ള അവസരം നല്കണം. ആത്യന്തിക വിജയം നമുക്കു ലഭിച്ചാൽ മതിയെന്ന ചിന്ത വച്ചുപുലർത്തണം. വാഗ്വാദത്തിലേർപ്പെട്ട വ്യക്തിയെ തീരെ തറപറ്റിക്കരുത്. കളിയിൽ റണ്ണറപ്പ് എന്ന പദവിയും ഉണ്ടെന്ന കാര്യം ഓർമിപ്പിക്കുക വാഗ്വാദം യുദ്ധമല്ലല്ലോ.

### 7. ഒരു രംഗത്ത് പ്രശോഭിക്കുക

വളരെയധികം ചുമതലകൾ ഏറ്റെടുക്കരുത്. അങ്ങനെ ചെയ്താൽ ഒരു രംഗത്തും മേധാവിത്വം സ്ഥാപിക്കാൻ കഴിയാതെ വരും. ശരാശരിക്കാരനായി പ്രത്യക്ഷപ്പെടേണ്ട ഗതികേടുണ്ടാവും.

ഏതെങ്കിലും ഒരു രംഗത്തെങ്കിലും അതികായനാവണം. വളരെയധികം ചുമതലകൾ ഏറ്റെടുക്കുന്നവർ തോല്വി അടയുമെന്ന് തന്നെയല്ല മാനസികമായി ക്ഷീണിതനാവുകയും ചെയ്യും.

### 8. സ്വന്തം കാര്യം

സ്വന്തംകാര്യം സ്വയംനോക്കണം. നമ്മൾ പലരെയും സഹായിച്ചിട്ടുണ്ടാവാം. പക്ഷേ, അത്യാവശ്യസമയത്തു നമ്മെ സഹായിക്കാൻ അധികം ആളുകൾ ഉണ്ടാവുകയില്ല എന്നതാണു പരമതത്വം. തന്മൂലം സ്വന്തം കാര്യങ്ങൾ സ്വയം ചെയ്തു തുടങ്ങണം. ആരുമില്ലെങ്കിലും കാര്യങ്ങൾ ചെയ്തു നാം മുന്നോട്ടുപോകുമെന്നു കാണുമ്പോൾ ചിലരെല്ലാം കൊച്ചു കൊച്ചു സഹായങ്ങൾ ചെയ്തു തരും. അതു സ്വീകരിക്കുകയും അവരുടേതു വലിയ സഹായമാണെന്ന് അംഗീകരിക്കുകയും ചെയ്യണം. അതോടെ എതിരാളികൾ പതുക്കെ പിന്മാറും. ഈ തക്കം നോക്കി നമുക്ക് ആശ്രയിക്കാവുന്നവരെ ചേർത്തു നിർത്തി അവരുടെ സഹായത്താൽ ചുമതലകൾ പൂർണമായും നിറവേറ്റണം. സഹായിച്ചവർക്കു നന്ദി രേഖപ്പെടുത്തുകയും ചെയ്യണം. സ്നേഹാദരങ്ങൾ പ്രകടിപ്പിക്കുകയും ഒപ്പം സമ്മാനങ്ങൾ നല്കുകയും ചെയ്യണം.

### 9.വ്യക്തിബന്ധങ്ങൾ

കേട്ടറിവ്, ദർശനം, സാന്നിധ്യം, സംഭാഷണം, സഹകരണം സമർപ്പണം ഇവയിലൂടെയാണു വ്യക്തിബന്ധങ്ങൾ ഊട്ടിവളർത്താൻ കഴിയുക.

### 10. വിജയബോധം

എന്തിന്റെ മേലും മനഃശാസ്ത്രപരമായി വിജയംനേടിയിരിക്കണം. വിജയബോധം മുഖത്തു പ്രസരിക്കണം. നമ്മുടെ തിളക്കമുള്ള മുഖം കാണുമ്പോൾ എതിരാളികൾ പകയ്ക്കണം. സുഹൃത്തുക്കൾ ഓടി വരണം. അനുയായികൾ നമ്മോടു ചേർന്നു കാര്യക്ഷമതയോടെ ആവേശപൂർവം ലക്ഷ്യോന്മുഖമായി പ്രവർത്തിച്ചു തുടങ്ങിക്കൊള്ളും.

വിജയബോധം കാത്തുസംരക്ഷിക്കുന്നവനു പ്രതിബന്ധങ്ങളെ വീറോടെ തച്ചുടച്ചു ചരിത്രാംശമുള്ള കാര്യങ്ങൾ ബോധപൂർവം ചെയ്തു ചരിത്രത്തിൽ ഇടം കണ്ടെത്താൻ കഴിയും.

നാമൊരു ജേതാവാണെന്ന തോന്നലുണ്ടാകുന്നതോടെ ഒരുവനു കൂടുതൽ വളരാൻ കഴിയും. അങ്ങനെ അസ്തിത്വ ദാർഢ്യമുള്ളവനായി ഒരുവൻ തീരുന്നതോടെ ചുറ്റുമുള്ളവരുടെ ഏതു പരിഹാസത്തെയും, വിമർശനത്തെയും പുഞ്ചിരിയോടെ അഭിമുഖീകരിക്കാൻ കഴിയും. തെളിഞ്ഞ മനസ്സോടെ നമുക്ക് ആവശ്യമില്ലാത്തവരെ അവഗണിച്ചൊതുക്കി നിർവീര്യമാക്കാനും പറ്റും.

*

# ന്യൂസ് ഡയറി

(2 - 8 ഡിസംബർ 2011)

**പി.ആർ.**




**2.** പാമോലിൻ കേസിൽ തിരുവനന്തപുരം വിജിലൻസ് കോടതിയുടെ തുടരന്വേഷണ ഉത്തരവിലുള്ള, മുഖ്യമന്ത്രി ഉമ്മൻചാണ്ടിക്കെതിരായ പരാമർശങ്ങൾ ഹൈക്കോടതി ഒഴിവാക്കി.



**3.** കന്നംകുളം എംഎൽഎ ബാബു എം. പാലിശേരിയുടെ തെരഞ്ഞെടുപ്പു ഹൈക്കോടതി ശരിവച്ചു.



**4.** ഇടമലയാർ കേസിൽ ശിക്ഷിക്കപ്പെട്ടെങ്കിലും ഗുരുതര മറവിരോഗത്തെത്തുടർന്നു സുപ്രീം കോടതി തടവു ശിക്ഷയിൽ നിന്നും ഒഴിവാക്കിയ വൈദ്യുതി ബോർഡ് മുൻ ചെയർമാൻ കെ.രാമഭദ്രൻ നായർ (82) അന്തരിച്ചു.

✸ പ്രശസ്ത ബാലസാഹിത്യകാരനും നാടകകൃത്തും ഗ്രന്ഥകാരനുമായിരുന്ന കെ. തായാട്ട് (84) അന്തരിച്ചു.

**5.** സാമ്പത്തിക ക്രമക്കേടുകളെത്തുടർന്നു കൊച്ചി കേന്ദ്രമായുള്ള ദക്ഷിണഭാരത ഹിന്ദി പ്രചാരസഭയുടെ ഭരണസമിതി പിരിച്ചുവിട്ടു.

✸ കേരള സിബിഎസ്ഇ സ്കൂൾ മാനേജ്മെന്റ് അസോസിയേഷൻ സ്ഥാപക പ്രസിഡണ്ട് ആർ.വാസുദേവൻപിള്ള (85) അന്തരിച്ചു.

**6.** മുല്ലപ്പെരിയാർ കേസിലെ വാദങ്ങളുടെ പേരിൽ അഡ്വക്കേറ്റ് ജനറൽ കെ.പി.ദണ്ഡപാണിക്കെതിരെ ഉയർന്ന വിവാദങ്ങൾ ദൗർഭാഗ്യകരമെന്നു ഹൈക്കോടതി.



✸ എൻഡോസൾഫാൻ ദുരിതബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി നബാർഡ് സഹായത്തോടെ കാസർകോട് ജില്ലയിലെ 11 പഞ്ചായത്തുകളിൽ നടപ്പാക്കുന്ന 136.15 കോടി രൂപ പാക്കേജിനു സംസ്ഥാന മന്ത്രിസഭായോഗം അനുമതി നല്കി.

**7.** മുല്ലപ്പെരിയാർ അണക്കെട്ടിന്റെ അപകടാവസ്ഥ പരിഗണിച്ചു ദുരന്തനിവാരണ ഫണ്ടിലേക്കു സംസ്ഥാനസർക്കാർ രണ്ടു കോടി രൂപ അനുവദിച്ചു.



✸ രാജ്യത്തെ മികച്ച റബർ ഉത്പാദക സംഘത്തിനു റബർ ബോർഡ് നല്കിവരുന്ന സുവർണസംഘം അവാർഡിന് (രണ്ടുലക്ഷം രൂപയും ശില്പവും പ്രശസ്തി പത്രവും) കാഞ്ഞിരപ്പള്ളി ചിറക്കടവ് റബർ ഉത്പാദക സംഘം അർഹമായി.

**8.** എറണാകുളം മഹാരാജാസ് കോളജ് ഗ്രൗണ്ടിൽ 55-ാമതു സംസ്ഥാന സ്കൂൾ കായികമേളയ്ക്കു തുടക്കം.



✸ കേരള വെറ്ററിനറി സർവകലാശാല വൈസ്ചാൻസലർ പദവിയിൽ നിന്നും ഡോ.ബി.അശോകിനെ നീക്കം ചെയ്ത സർക്കാർ നടപടി ഹൈക്കോടതി ശരിവച്ചു.




**2.** ഗോവയിലെ പനജിയിൽ നടക്കുന്ന 42-ാമത് ഇന്ത്യൻ രാജ്യാന്തര ചലച്ചിത്രമേളയിൽ രാജ്യാന്തര മത്സര വിഭാഗത്തിൽ ജൂറിയുടെ പ്രത്യേക പുരസ്കാരമായ രജത മയൂരം (15 ലക്ഷം രൂപയും ശില്പവും) മലയാള ചലച്ചിത്രമായ 'ആദാമിന്റെ മകൻ അബു' നേടി.




✸ പ്രതിപക്ഷത്തിന്റെയും ഘടകകക്ഷികളുടെയും എതിർപ്പിനെത്തുടർന്നു ചില്ലറ വില്പന മേഖലയിൽ നേരിട്ടുള്ള വിദേശനിക്ഷേപത്തിനു നല്കിയ അനുമതി കേന്ദ്രസർക്കാർ മരവിപ്പിച്ചു.

**3.** ജാർഖണ്ഡ് മുൻ സ്പീക്കറും എം.പിയുമായ ഇന്ദ്രർസിംഗ് നാംധാരിയുടെ വാഹന വ്യൂഹത്തിനു നേരേ ലതാഹർ ജില്ലയിൽ വച്ചു മാവോയിസ്റ്റുകൾ നടത്തിയ ആക്രമണത്തിൽ ആറു പോലീസുകാർ ഉൾപ്പെടെ എട്ടുപേർ കൊല്ലപ്പെട്ടു.

✸ സുഖ്ന ഭൂമിയിടപാടിലെ അഴിമതി സംബന്ധിച്ചു സൈനിക കോടതിയിൽ കോർട്ട് മാർഷലിനു വിധേയനായ ലഫ്.ജനറൽ അവധേഷ് പ്രകാശിനെ (61) സർവീസിൽ നിന്നു ഡിസ്മിസ് ചെയ്തു.



**4.** പശ്ചിമബംഗാളിലെ കൊൽക്കത്ത സൗത്ത് ലോക്സഭാ മണ്ഡലം, കർണാടകയിലെ ബെല്ലാരി റൂറൽ നിയസഭാ മണ്ഡലം എന്നിവിടങ്ങളിൽ നടന്ന ഉപതെരഞ്ഞെടുപ്പുകളിൽ യഥാക്രമം തൃണമൂൽ കോൺഗ്രസ് നേതാവ് സുബ്രതോ ബക്ഷിയും ബിജെപിയിൽ നിന്നു രാജിവച്ചു സ്വതന്ത്രനായി മത്സരിച്ച ബി.ശ്രീരാമുലുവും വിജയിച്ചു.

✸ അണ്ണാ ഹസ്സാരെസംഘാംഗവും നിയമമന്ത്രിയുമായ ശാന്തിഭൂഷൺ, സമാജ്വാദി പാർട്ടി അധ്യക്ഷൻ മുലായം സിംഗ് യാദവ്, രാജ്യസഭാംഗം അമർസിംഗ് എന്നിവർ തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത സി.ഡി വ്യാജമാണെന്നു ഫോറൻസിക് പരിശോധനാ റിപ്പോർട്ട്.

**5.** ചില്ലറ വ്യാപാര മേഖലയിൽ വിദേശനിക്ഷേപം അനുവദിക്കുന്നതു വഴി രാജ്യത്തിന്റെ വികസന വേഗം കൂട്ടാൻ കഴിയുമെന്ന് ഇന്ത്യയിലെ വിവിധ വാണിജ്യവ്യവസായ മണ്ഡലങ്ങളുടെ കൂട്ടായ്മയായ അസോചം നടത്തിയ സർവേയിൽ പങ്കെടുത്ത ഭൂരിപക്ഷം പേരും അഭിപ്രായപ്പെട്ടു.

✸ സേലം-ബാംഗ്ലൂർ ദേശീയപാതയിലെ മേച്ചേരിയിൽ യാത്രാബസും വാനും കൂട്ടിയിടിച്ച് ഏഴു ശബരിമല തീർത്ഥാടകർ മരിച്ചു.



✸ ഭരണഘടനാശില്പി ഡോ.ബി.ആർ.അംബേദ്കറെ അദ്ദേഹത്തിന്റെ 55-ാം ചരമദിനത്തിൽ രാജ്യം അനുസ്മരിച്ചു.



**6.** ട്രെയിനുകൾ വൈകിയോടിയാൽ യാത്രക്കാർക്കു റെയിൽവേ നഷ്ടപരിഹാരം നല്കണമെന്നു ദേശീയ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ.

✸ മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയ്ക്കു കേന്ദ്രസേനയെ വിന്യസിക്കണമെന്നാവശ്യപ്പെട്ടു തമിഴ്നാട് സുപ്രീംകോതിയിൽ ഹർജി നല്കി.

**7.** ആന്ധ്രാപ്രദേശിൽ കിരൺകുമാർ റെഡ്ഡി സർക്കാരിനെതിരെ പ്രതിപക്ഷം കൊണ്ടുവന്ന അവിശ്വാസ പ്രമേയം പരാജയപ്പെട്ടു.

✸ പശ്ചിമ ബംഗാളിന് 8750 കോടി രൂപയുടെ സാമ്പത്തിക പാക്കേജ് അനുവദിക്കാൻ സാമ്പത്തികകാര്യങ്ങൾക്കുള്ള കേന്ദ്ര മന്ത്രിസഭാ സമിതി തീരുമാനിച്ചു.



**8.** ഇൻഡോറിൽ വെസ്റ്റ്ഇൻഡീസിനെതിരായ നാലാം ഏകദിനത്തിൽ 219 റൺസു നേടിയ ഇന്ത്യയുടെ വീരേന്ദർ സേവാഗ് ഏകദിന ക്രിക്കറ്റിൽ ഏറ്റവും ഉയർന്ന വ്യക്തിഗത സ്കോർ നേടുന്ന താരമായി.

✸ പ്രവാസി ഇന്ത്യൻ പൗരന്മാരെ സംബന്ധിച്ച വ്യവസ്ഥകൾ പരിഷ്ക്കരിച്ചു പൗരത്വനിയമം (1955) ഭേദഗതി ചെയ്യാനുള്ള ബിൽ രാജ്യസഭയിൽ ആഭ്യന്തരസഹമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രൻ അവതരിപ്പിച്ചു.

✸ കർണാടകയിൽ അനധികൃത ഖനനത്തിനു കൂട്ടുനിന്നെന്ന ആരോപണത്തിൽ മുൻ മുഖ്യമന്ത്രിമാരായ വിദേശകാര്യമന്ത്രി എസ്.എം. കൃഷ്ണ, ജനതാദൾ (എസ്) സംസ്ഥാന പ്രസിഡണ്ട് എച്ച്.ഡി.കുമാരസ്വാമി എം.പി, കോൺഗ്രസിലെ എൻ.ധരംസിംഗ് എം.പി. എന്നിവർക്കെതിരെ ലോകായുക്ത എഫ്ഐആർ സമർപ്പിച്ചു.



✸ 220 കോടിരൂപയുടെ കുടിശ്ശിക വരുത്തിയതിനെത്തുടർന്ന് എയർ ഇന്ത്യയുടെയും കിംഗ്ഫിഷർ എയർലൈൻസിന്റെയും അക്കൗണ്ടുകൾ സേവനനികുതി വകുപ്പു മരവിപ്പിച്ചു.




**2.** ഇന്ത്യൻ വംശജനായ അമേരിക്കൻ ഡോക്ടർ സിദ്ധാർത്ഥ മുഖർജിയുടെ 'ദി എംപറർ ഓഫ് ഓൾ മാലഡീസ്' എന്ന പുസ്തകം പ്രഥമ ഗാർഡിയൻ പുരസ്കാരത്തിനായി (എട്ടു ലക്ഷത്തിലധികം രൂപ) തെരഞ്ഞെടുക്കപ്പെട്ടു.



**3.** ഹിന്ദി സിനിമാലോകത്തെ നിത്യഹരിത നായകനും, ഇന്ത്യയുടെ പരമോന്നത ചലച്ചിത്ര പുരസ്കാരമായ ദാദാ സാഹിബ് ഫാൽക്കേ അവാർഡ് ജേതാവുമായ ദേവാനന്ദ് (88) ലണ്ടനിൽ അന്തരിച്ചു.

**4.** ഇന്ത്യയ്ക്കു യുറേനിയം വില്ക്കുന്നതിനു നിലവിലുള്ള നിരോധനം നീക്കുന്നതു സംബന്ധിച്ച പ്രമേയം ഓസ്ട്രേലിയയിലെ ഭരണകക്ഷിയായ ലേബർ പാർട്ടിയുടെ ദേശീയ സമ്മേളനത്തിൽ 185നെതിരെ 206 വോട്ടുകൾക്കു പാസായി.



**5.** ബ്രസീൽ ഫുട്ബോൾ ടീമിന്റെ മുൻ ക്യാപ്റ്റൻ സോക്രട്ടീസ് (57) അന്തരിച്ചു.

✸ ഇന്തോനീഷ്യയിലെ നോർത്ത് മാലലുക പ്രവിശ്യയിൽ ടെർനേറ്റ് ദ്വീപിലെ മൗണ്ട്ഗമലാമ അഗ്നിപർവതം പൊട്ടി.

**6.** ഷിയാ വിശുദ്ധദിനമായ മുഹറം ആചരണത്തിനിടെ അഫ്ഗാനിസ്ഥാന്റെ തലസ്ഥാനമായ കാബൂളിലും മസാരെ ഷരീഫ് നഗരത്തിലും മസ്ജിദുകൾക്കു സമീപമുണ്ടായ സ്ഫോടനങ്ങളിൽ 58 പേർ കൊല്ലപ്പെട്ടു.

✸ അമീർ ഷെയ്ഖ് സബ അൽ അഹമ്മദ് അൽ ജാബർ അൽ സബ കുവൈത്ത് പാർലമെണ്ട് പിരിച്ചുവിട്ടുകൊണ്ടു വിജ്ഞാപനം പുറപ്പെടുവിച്ചു.



**7.** ഇന്ത്യയുടെ കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ (സി.എ.ജി)വിനോദ് റായിയെ ഐക്യരാഷ്ട്ര സംഘടനാ എക്സ്റ്റേണൽ ഓഡിറ്റേഴ്സ് പാനലിന്റെ ചെയർമാനായി തെരഞ്ഞെടുത്തു.



✸ ഹൃദയാഘാതത്തെത്തുടർന്നു പാകിസ്ഥാൻ പ്രസിഡണ്ട് ആസിഫ് അലി സർദാരിയെ ദുബായിലെ അമേരിക്കൻ ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു.



**8.** ബറാക് ഒബാമ യു.എസ്.പ്രസിഡണ്ടായപ്പോൾ ഒഴിഞ്ഞ സെനറ്റ് സീറ്റ് മറിച്ചു നല്കാമെന്നു വാഗ്ദാനം ചെയ്തു തട്ടിപ്പുനടത്തിയെന്ന കേസിൽ ഇല്ലിനോയി മുൻ ഗവർണർ റോഡ് ബ്ലഗോജെവിച്ചിനു കോടതി 14 വർഷം തടവുശിക്ഷ വിധിച്ചു.



✸ റഷ്യൻ ഭരണകൂടത്തിനെതിരെയുള്ള പ്രക്ഷോഭത്തെ യു.എസ്. സഹായിക്കുന്നതായി റഷ്യൻ പ്രധാനമന്ത്രി വ്ളാഡിമിർ പുട്ടിൻ ആരോപിച്ചു.

☆☆




## കട്ടക്കയം
## ആത്മാവിൽ മുറിവേറ്റ കവി

ഡോ.കുര്യാസ് കുമ്പളക്കുഴി
പ്രസാ: മീഡിയാഹൗസ്
കോഴിക്കോട്-4
*വില : ₹ 80/-*
*ഫോൺ: 9746440700*

കഴിഞ്ഞ നൂറ്റാണ്ടിലെ പ്രമുഖരായ കവികളിൽ ഒരാളാണു കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള. തികച്ചും പ്രതികൂലമായ സാഹചര്യങ്ങളെ മറികടന്ന് സമ്പന്നമായ ഒരു സാഹിത്യജീവിതം അദ്ദേഹം സ്വന്തമാക്കി. 1881ൽ പ്രസിദ്ധീകരിച്ച 'ജൂസെ ഭക്തൻ' മുതൽ 1937ൽ മരണാനന്തര കൃതിയായി പുറത്തുവന്ന 'സിംഹക്കുഴിയിലെ ദാനിയേൽ' വരെ അഞ്ചു പതിറ്റാണ്ടിലധികം ദീർഘിച്ച ഒരു സാഹിത്യ ജീവിതമാണദ്ദേഹത്തിനുണ്ടായിരുന്നത്.




1936ൽ അന്തരിച്ച മഹാകവിയുടെ മുഴുവൻ രചനകളും കണ്ടെടുത്ത് 1988ൽ ഡോ.കുര്യാസ് കുമ്പളക്കുഴി കട്ടക്കയം കൃതികൾ പുറത്തുകൊണ്ടുവന്നു. പിന്നാലെ അദ്ദേഹം ഒരു ജീവചരിത്രവും പ്രസിദ്ധീകരിച്ചു. 'കട്ടക്കയം കവിയും മനുഷ്യനും.' ആ ജീവചരിത്രപഠനത്തിന്റെ പരിഷ്ക്കരിച്ച പതിപ്പാണു 'കട്ടക്കയം ആത്മാവിൽ മുറിവേറ്റ കവി'. ഇതിന്റെ രചനാലക്ഷ്യത്തെക്കുറിച്ചും പശ്ചാത്തലത്തെക്കുറിച്ചും ഗ്രന്ഥകാരൻ സംസാരിക്കുന്നു:

"കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള സ്വന്തം ജീവിതം സാഹിത്യത്തിനു വേണ്ടി ത്യാഗപൂർവം നീക്കിവച്ച വ്യക്തിയാണ്. നാടകം, മഹാകാവ്യം, ആട്ടക്കഥ, ഖണ്ഡകാവ്യം, ലഘുകവിതകൾ, മുക്തകങ്ങൾ എന്നീ വിഭാഗങ്ങളിൽ അദ്ദേഹത്തിന്റെ സംഭാവനകൾ ഏറെ വിലപ്പെട്ടതാണ്. ആ വാങ്മയം അപ്പാടെ കണ്ടില്ലെന്നു നടിച്ച് ആർക്കും മലയാള സാഹിത്യത്തിന്റെ ചരിത്രതീരങ്ങളിലൂടെ ഉദാസീനമായി കടന്നുപോകാനാവില്ല.

മലയാള കവിതയെ സമ്പന്നമാക്കിയത് ഒന്നോ രണ്ടോ പേരുടെ സംഭാവനകളല്ല. ഒന്നാം നിരക്കാരും രണ്ടാം നിരക്കാരും മൂന്നാം നിരക്കാരുമായ എഴുത്തുകാരുടെ ഓരോ ചെറിയ ആത്മാർപ്പണവും മലയാളത്തിന്റെ ഈടുവയ്പ് കനപ്പെട്ടതാക്കുന്നു. ആരെയും നമുക്കു തള്ളിക്കളയാനാവില്ല. അവരെല്ലാം ചേരുമ്പോഴാണ് അരങ്ങു നിറയുന്നത്. ഈ നിരയിൽ കട്ടക്കയവുമുണ്ട്.

കാലം അരിഞ്ഞുതള്ളുന്ന ജീവിതം. അതു പുല്ക്കൊടിക്കു തുല്യം. വയലിലെ പുഷ്പം, പോലെ വിരിയുന്നു. ചൂടു കാറ്റടിക്കുമ്പോൾ വാടിവീഴുന്നു. കുറെ കഴിയുമ്പോൾ അതു നിന്നിരുന്ന സ്ഥലം പോലും ആരും തിരിച്ചറിയുന്നില്ല.

ജീവിതമെന്ന പ്രഹേളികയുടെ ഈ ദുരന്തമുഖം തിരിച്ചറിയാൻ കഴിയാത്ത ഒട്ടേറെപ്പേരും അതു ദുരിതപൂർണമാക്കുന്നു. സ്വയം ജീവിക്കുന്നില്ല. മറ്റുള്ളവരെ ജീവിക്കാൻ അനുവദിക്കുന്നുമില്ല. വിളക്കിൽ വീണു ചിറകുകരിക്കുകയും ഒപ്പം വിളക്കുകെടുത്തുകയും ചെയ്യുന്ന കരിവണ്ടിന്റെ അനുഭവം തന്നെ.

ഇതെല്ലാം കണ്ട് ആത്മാവിൽ മുറിവേറ്റവനാണു കട്ടക്കയം. ആ കവിതകളോരോന്നും ആത്മാവിന്റെ നെടുവീർപ്പുകളാണ്. അതിന്റെ കാമ്പ് മനുഷ്യശ്രേയസ്സിനുവേണ്ടിയുള്ള ഒടുങ്ങാത്ത ദാഹമാണ്. എല്ലാവരും നല്ലവരായിത്തീരണമെന്നുള്ള നിഷ്കളങ്കമായ അഭിലാഷമാണ്. കട്ടക്കയത്തെ വായിക്കുകയും വിലയിരുത്തുകയും ചെയ്യുന്നത് ഇതുകൂടി ഓർമിച്ചുകൊണ്ടാവണം. ☆

*Chief Editor: Prof. Dr. Kurias Kumblakuzhy. Edited, printed and published by the Chief Editor for Pratichaya Publishing Trust, Kottayam. Printed at Mangalam Publications & Pvt. Ltd, Kottayam.*

# പ്രതിച്ഛായ

## രാഷ്ട്രീയ സാംസ്കാരിക വാർത്താവാരിക

**അഞ്ചാം വയസ്സിലേക്ക്**

പ്രാദേശിക ദേശീയ രാഷ്ട്രീയ ചലനങ്ങൾ
സത്യസന്ധതയോടെയും പ്രതിജ്ഞാബദ്ധതയോടെയും
വായനക്കാരിലേക്കെത്തിക്കുന്നു

*സാംസ്കാരിക കേരളത്തിന്റെ ഉൾത്തുടിപ്പുകൾ*
*ഒപ്പിയെടുക്കുന്ന ലേഖനങ്ങൾ, പഠനങ്ങൾ*

**തെറ്റും തിരുത്തും**
മാടവന ബാലകൃഷ്ണപിള്ള

**വാരവിചാരണ**
ജെയ്സൺ ജോസ്

**കണ്ണിനും കണ്ണാടിക്കും**
എസ്. കൃഷ്ണദാസ്

**സിപ്പിയങ്കിളും കുട്ട്യോളും**
സിപ്പി പള്ളിപ്പുറം

**ഫ്ളാഷ് ബാക്ക്**
തേക്കിൻകാട് ജോസഫ്

**സുദർശനം**
കിളിരൂർ രാധാകൃഷ്ണൻ

എന്നീ പംക്തികൾക്കു പുറമെ

**രാഷ്ട്രീയ വാർത്തകൾ**
**ന്യൂസ് ഡയറി**
എന്നിവയും

**വരുത്തുക വായിക്കുക പ്രബുദ്ധരാവുക**
*വാർഷിക വരിസംഖ്യ 300 രൂപ*
*(തപാലിൽ മാത്രം)*

എല്ലാ ബുധനാഴ്ചയും കോട്ടയത്തു നിന്നു പ്രസിദ്ധീകരിക്കുന്നു

പ്രതിച്ഛായ, പാലസ് റോഡ്, കോട്ടയം – 686001
ഫോൺ& ഫാക്സ്: 0481 2564085